بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 6

ലക്കം 49

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഡിസംബർ 9/ഹി.ശം. 1400 ഫതഹ് 9/1443 ജമാദുൽ അവ്വൽ 4

## അല്ലാഹുവിന്റെ വചനം

وَهُوَ اللّٰهُ فِى السَّمٰوٰتِ وَفِى الۡاَرۡضِ‌ؕ يَعۡلَمُ سِرَّكُمۡ وَجَهۡرَكُمۡ وَيَعۡلَمُ مَا تَكۡسِبُوۡنَ‏

(سورۃ الانعام: 4)

'അവനാണ് അല്ലാഹു. ആകാശങ്ങളിലും ഭൂമിയിലുമുള്ള(ദൈവം). അവൻ നിങ്ങളുടെ രഹസ്യവും പരസ്യവും അറിയുന്നു. നിങ്ങൾ എന്തു സമ്പാദിക്കുന്നുവെന്നും അവൻ അറിയുന്നു.'(6:4)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ഹജ്റുൽ അസ്‌വദിനെ മുത്തൽ

(1597) ഹദ്റത്ത് ഉമർرضي الله عنه നിവേദനം. അദ്ദേഹം ഹജ്ജ് വേളയിൽ ഹജ്റുൽ അസ്‌വദിന്റെ അടുത്തുവന്ന് അതിനെ മുത്തിക്കൊണ്ട് പറഞ്ഞു: നീ ഒരു കല്ലു മാത്രമാണ്. ആർക്കും ഒരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ നിനക്കു സാധ്യമല്ല. ആ യാഥാർഥ്യം ഞാൻ ശരിക്കും അറിയുന്നു. നബി(സ)തിരുമേനി നിന്നെ മുത്തുന്നത് കണ്ടിരുന്നില്ലെങ്കിൽ നിന്നെ ഞാൻ മുത്തുമായിരുന്നില്ല.

ഹദ്റത്ത് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് ഈ ഹദീഥിന് എഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു: അറബികളും അല്ലാത്തവരുമായ ബഹുദൈവവിശ്വാസികളായ എല്ലാ ജനതകളും എഴുന്നേറ്റുനിന്ന് കല്ലുകളെ പൂജിച്ചിരുന്നു. തങ്ങൾക്ക് ഉപകാരം ചെയ്യുന്നതിന്റെയും തങ്ങളെ ഉപദ്രവിക്കുന്നതിന്റെയും ഉടമസ്ഥരായി അവർ അവയെ മനസ്സിലാക്കിയിരുന്നു. ഹദ്റത്ത് ഉമർ رضي الله عنه അവരുടെ ബഹുദൈവ വിശ്വാസപരമായ ചിന്തകളെ ഖണ്ഡിച്ചു; മുസ്‌ലിമീങ്ങളിൽനിന്നുള്ള അജ്ഞരായ ആളുകൾക്ക് ഈ കല്ലിനെ സംബന്ധിച്ച് എന്തെങ്കിലും തെറ്റായ ധാരണ ഉണ്ടാകാതിരിക്കൻ!ആരാധനാ കർമങ്ങളിൽ സ്തുതിയും പ്രശംസയും വിനയവും പ്രതീക്ഷയും ഭയവും പ്രാർഥനയുമാണുള്ളത്. ഇക്കാര്യങ്ങളിൽ ഒരു കാര്യത്തിനും ഹജ്റുൽ അസ്‌വദിനെ മുത്തുന്നതുകൊണ്ടോ തൊടുന്നതുകൊണ്ടോ ഒരു ബന്ധവുമില്ല. ഹജ്റുൽ അസ്‌വദ് തഖ്ബീലും(മുത്തുക) ഇസ്തിലാ(തൊടുക)മുമായി പ്രത്യേകപ്പെടുത്തപ്പെട്ടിട്ടുമില്ല. എന്നല്ല ചില നിവേദനങ്ങളിൽനിന്ന് 'റുക്നെ യമാനി' യേയും മുത്തുന്നതായി മനസ്സിലകുന്നുണ്ട്. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുൽഹജ്ജ്, പ്രസാധനം ഖാദിയാൻ 2008)*

AHMADIPEDIA
ahmadipedia.org
Search

**ഈ ലക്കത്തിൽ**

ജുമുഅ ഖുത്വ്ബ 29-10-2021
സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ
യൂറോപ്യൻ പര്യടന റിപ്പോർട്ട്

**യഥാർഥ ഈമാൻ മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകുമ്പോൾ കർമങ്ങളിൽ ഒരു രുചി ജന്മം കൊള്ളുന്നു. അവന്റെ മഅ്രിഫത്തിന്റെ അഥവാ ഈശ്വരീയജ്ഞാനത്തിന്റെ കണ്ണുകൾ തുറക്കുന്നു. അവൻ നമസ്കരിക്കേണ്ട രീതിയിൽ നമസ്കരിക്കുന്നു. പാപങ്ങളിൽനിന്ന് അവന് ജാഗ്രതയുണ്ടാകുന്നു. അശുദ്ധമായ സദസ്സുകളോടു അവന് വെറുപ്പുണ്ടാകുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

'നിങ്ങളുടെ ഈമാൻ തൂക്കി നോക്കുക. കർമം ഈമാനിന്റെ ആഭരണമാണ്. കർമപരമായ അവസ്ഥ ശരിയല്ലെങ്കിൽ യഥാർഥത്തിൽ ഈമാനുമില്ല. മുഅ്മിൻ സൗന്ദര്യവാനാകുന്നു. ഒരു സൗന്ദര്യവാനെ നിസാരവും തൂക്കം കുറഞ്ഞതുമായ വളപോലും അണിയിക്കുകയാണെങ്കിൽ അത് അവനെ കൂടുതൽ സൗന്ദര്യവാനാക്കുന്നു. ഇതേ പ്രകാരം വിശ്വാസിയുടെ കർമം അവനെ കൂടുതൽ സൗന്ദര്യവാനാക്കി കാണിക്കുന്നു. ദുഷ്കർമിയാണെങ്കിൽ ഒന്നുമുണ്ടാകുകയില്ല. യഥാർഥ ഈമാൻ മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകുമ്പോൾ കർമങ്ങളിൽ ഒരു രുചി ജന്മം കൊള്ളുന്നു. അവന്റെ മഅ്രിഫത്തിന്റെ അഥവാ ഈശ്വരീയജ്ഞാനത്തിന്റെ കണ്ണുകൾ തുറക്കുന്നു. അവൻ നമസ്കരിക്കേണ്ട രീതിയിൽ നമസ്കരിക്കുന്നു. പാപങ്ങളിൽനിന്ന് അവന് ജാഗ്രതയുണ്ടാകുന്നു. അശുദ്ധമായ സദസ്സുകളോടു അവന് വെറുപ്പുണ്ടാകുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മഹത്ത്വവും പ്രതാപവും വെളിപ്പെടുത്തുന്നതിന് അവന്റെ മനസ്സിൽ ഒരു ആവേശവും തിളപ്പും കാണുന്നു. അതേ! ഈമാൻ, അവനെ മസീഹിനെപ്പോലെ കുരിശിലേറ്റുന്നതിന് തടസമാകില്ല. അവൻ അല്ലാഹുവിനുവേണ്ടി, അതേ അല്ലാഹുവിനുവേണ്ടിത്തന്നെ ഇബ്റാഹീമിനെപ്പോലെ അഗ്നിയിൽ വീഴാനും ഇഷ്ടപ്പെടുന്നു. തന്റെ ഇഷ്ടം അല്ലാഹുവിന്റെ ഇഷ്ടത്തിന് അവൻ വിധേയമാക്കുമ്പോൾ പിന്നീട് അല്ലാഹു അലീമുൻ ബിദാത്തിസ്സ്വുദൂറാണ്. അവന്റെ സംരക്ഷകനും മേൽനോട്ടക്കാരനുമായിത്തീരുന്നു. അവൻ കുരിശിൽനിന്ന് ജീവനോടെ ഇറക്കപ്പെടുന്നു. അല്ലാഹുവിൽ തികവുറ്റ വിശ്വാസമുള്ളവരാണ് ഈ അത്ഭുതങ്ങളെ കാണുന്നത്.

ചുരുക്കത്തിൽ അബൂബക്ർ സിദ്ദീഖിന്റെ സത്യസന്ധത നബിﷺതിരുമേനിയെ ശത്രുക്കൾ വളഞ്ഞ അഗ്നിയുടെ നേരത്താണ് വെളിപ്പെട്ടത്. ചിലർ പറയുന്നത് അവരുടെ ഉദ്ദേശ്യം നാടുകടത്തുക എന്നതായിരുന്നുവെന്നാണ്. പക്ഷേ, യാഥാർഥ്യം അദ്ദേഹത്തെ വധിക്കുക എന്നതുതന്നെയായിരുന്നു. അത്തരം അവസ്ഥയിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് رضي الله عنهതന്റെ സത്യസന്ധതയുടേയും കൂറിന്റേയും ഏതൊരു മാതൃകയാണോ കാഴ്ചവെച്ചത് അത് അന്തിമകാലംവരെ മാതൃകയായി നിലനില്ക്കുന്നതായിരിക്കും. ആ മുസ്വീബത്തിന്റെ നിമിഷത്തിൽ നബിﷺതിരുമേനിയുടെ ഈ തിരഞ്ഞെടുപ്പുതന്നെ ഹദ്റത്ത് സ്വിദ്ദീഖിന്റെرضي الله عنه ശ്രേഷ്ഠതയ്ക്കും ഉത്തമകൂറിനുമുള്ള ഗംഭീരമായൊരു തെളിവാണ്. നോക്കുക! ഇന്ത്യയിലെ വൈസ്രോയി ഏതെങ്കിലും വ്യക്തിയെ ഏതെങ്കിലും പ്രത്യേക ജോലിക്കുവേണ്ടി തിരഞ്ഞെടുക്കുകയാണെങ്കിൽ ആ അഭിപ്രായമായിരിക്കുമോ ഉത്തമവും ശരിയും അതല്ല ഒരു പാറാവുകാരന്റേയോ? വൈസ്രോയിയുടെ തിരഞ്ഞെടുപ്പ് എന്തായാലും ചേർന്നതും ഉചിതവുമായിരിക്കുമെന്ന് അംഗീകരിക്കേണ്ടിവരും. കാരണം ഏതൊരു അവസ്ഥയിൽ ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഭരണകൂടത്തിന്റെ പ്രതിനിധിയായി അവൻ നിശ്ചയിക്കപ്പെടുമ്പോൾ അവന്റെ കൂറിലും വിവേകത്തിലും ദൃഢഗാഢതയിലും ഭരണകൂടം അവനെ വിശ്വസിച്ചുവെന്നാണ് അതിനർഥം. അതുകൊണ്ടാണ് ഭരണകൂടത്തിന്റെ പ്രാതിനിധ്യം അവന്റെ കൈയിൽ നല്കിയത്. പിന്നീട് അയാളുടെ ശരിയായ ശ്രമങ്ങളേയും ബുദ്ധിപരമായ കാര്യങ്ങളേയും പിൻപുറം തള്ളിക്കൊണ്ട് ഒരു പാറാവുകാരനെ തിരഞ്ഞെടുക്കുകയും ആ തീരുമാനം ശരിയായി മനസ്സിലാക്കുകയും ചെയ്യുന്നത് ഉചിതമായ കാര്യമല്ല.'

*(മൽഫൂദാത്ത് വാല്യം 1, പേജ് 340, പ്രസാധനം ഖാദിയാൻ 2018)*

**അല്ലാഹുവിൽനിന്ന് വാഗ്ദാനമുള്ള സ്ഥിതിക്ക് പ്രത്യേകമായ നിലയിൽ ദുആകളിലും ആരാധനകളിലും മുഴുകേണ്ടതാണ്; എല്ലാതരത്തിലുള്ള നന്മയോടുംകൂടി വാഗ്ദാനം പൂർത്തിയാകുന്നതിന്.**
**ഇതിന്റെ അർഥം മറ്റുദിനങ്ങളിൽ ഇബാദത്തുകൾ വിട്ടുകളയാമെന്നല്ല.**
**പ്രത്യുത ഇതിന്റെ അർഥം സാധാരണയിൽ കവിഞ്ഞുള്ള ആരാധനയും ശ്രദ്ധയുമാണ്.**

സൂറത്തുൽ ഹിജ്റിന്റെ 100-ാം വചനമായ

وَاعۡبُدۡ رَبَّكَ حَتّٰى يَاۡتِيَكَ الۡيَـقِيۡنُ

എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنه പറയുന്നു: يَقِيۡنُ എന്നതിന്റെ അർഥം ഇവിടെ മരണമെന്നാണ്. പറയുന്നു: ഇനി നീ മരണം വരെ നമ്മുടെ ഇബാദത്തിൽ മുഴുകുക. അതായത് ഇസ്‌ലാമിന് അഭിവൃദ്ധിലഭിക്കുന്നതിൽ ഇനി ഒരു വിള്ളലുമുണ്ടാകുകയില്ല. നിനക്ക് സുഭിക്ഷതയോടുകൂടി നിന്റെ മരണംവരെ പരസ്യമായ നിലയിൽ അല്ലാഹുവിനെ ഇബാദത്തു ചെയ്യാൻ കഴിയും. ഇപ്പോൾ നിന്റെ ആരാധനകളിൽ തടസ്സമുണ്ടാക്കുന്ന ഇക്കൂട്ടരെ അല്ലാഹു എങ്ങനെ വിപാടനം ചെയ്യുമെന്നാൽ നിന്റെ മുഴുവൻ ജീവിതവും ആരാധന ചെയ്യാനുള്ള സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ സന്തോഷകരമായി കഴിഞ്ഞുപോകുന്നതായിരിക്കും. യഖീനിന്റെ മഅ്റൂഫായ അർഥവും ഇവിടെ ആകാവുന്നതാണ്. അങ്ങനെ വരുമ്പോൾ ഇതിന്റെ അർഥം ഏതൊരു കാലത്തെ കുറിച്ചാണോ വാഗ്ദാനമുള്ളത് അതു വരുന്നതുവരെ പ്രത്യേകമായ നിലയിൽ ഇബാദത്തിൽ മുഴുകുക എന്നാണ്. അതായത് ശിക്ഷ അല്ലെങ്കിൽ അന്ത്യനാളിന്റെ ലക്ഷണങ്ങൾ പ്രകടമാകുന്നതിന്റെ പേര് 'യഖീൻ' എന്നു വെച്ചിരിക്കുന്നു. കാരണം വാഗ്ദാനം പൂർത്തിയാകാത്തിടത്തോളം അതിന്റെ പൂർണമായ യാഥാർഥ്യം പ്രകടമാകുകയില്ല. അതുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിൽനിന്ന് വാഗ്ദാനമുള്ള സ്ഥിതിക്ക് പ്രത്യേകമായ നിലയിൽ ദുആകളിലും ആരാധനകളിലും മുഴുകേണ്ടതാണ്;എല്ലാതരത്തിലുള്ള നന്മയോടുംകൂടി വാഗ്ദാനം പൂർത്തിയാകുന്നതിന്.

ശേഷം പേജ് 12 ൽ

പ്രിൻ്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിൻ്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

സ്വർഗത്തിലുള്ള മുൻകടന്നവരും പിൻകടന്നവരുമായ നബിമാരും റസൂൽമാരും ഒഴിച്ചുള്ള
എല്ലാവരുടേയും നേതാക്കളായിരിക്കും ഹദ്റത്ത് അബൂബക്റും ﷺ ഉമറും ﷺ

നബി ﷺ തിരുമേനി പറഞ്ഞു: ഉമർ ബിൻ ഖത്ത്വാബ് സ്വർഗവാസികളുടെ വിളക്കാണ്.

**തീർച്ചയായും മുൻകഴിഞ്ഞ സമുദായങ്ങളിൽ മുഹദ്ദഥീങ്ങൾ ഉണ്ടായിട്ടുണ്ട്.**
**എന്റെ സമുദായത്തിൽ ആരെങ്കിലുമുണ്ടെങ്കിൽ അത് ഉമർ ബിൻ ഖത്ത്വാബാണ്.**

സ്വഹാബാക്കളിൽ ഉമർ ﷺ ന്റെ ദർജ എത്രമാത്രം വലുതാണെന്ന് അറിയുമോ?
ചില നേരങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് ഖുർആനിക വചനങ്ങൾ ഇറങ്ങാറുണ്ടായിരുന്നു.
അദ്ദേഹത്തെ കുറിച്ച് ഈ ഹദീഥുണ്ട്, അതായത് ശയ്ത്വാൻ ഉമറിന്റെ തണലിൽനിന്നോടുന്നു.

നബി ﷺ തിരുമേനി പറഞ്ഞു:
എന്റെ സമുദായത്തിൽനിന്ന് അല്ലാഹുവിന്റെ ദീനിൽ ഏറ്റവും കരുത്തനായിട്ടുള്ളത് ഉമറാണ് ﷺ

നബി ﷺ തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്,
ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് ﷺ ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

**ഡോക്ടർ തഅ്ഥീർ മുജ്തബാ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും.**

**ഖുത്ബ ജുമുഅ 2021 ഒക്ടോബർ 29/1400 അഖാഅ് 29,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ആരൊക്കെയാണ് സ്വർഗത്തിലെന്ന് നബി ﷺ തിരുമേനി സുവാർത്ത അറിയിച്ചത് അവരിൽ ഒരാൾ ഹദ്റത്ത് ഉമറും ﷺ ആയിരുന്നു. ഹദ്റത്ത് അബൂ മൂസാ ﷺ വിവരിക്കുന്നു: ഞാനൊരിക്കൽ നബി ﷺ തിരുമേനിയോടൊപ്പം ഒരു തോട്ടത്തിലായിരുന്നു. അപ്പോൾ ഒരാൾ വന്നു. അയാൾ വാതിൽ തുറക്കാൻ പറഞ്ഞു. നബി ﷺ തിരുമേനി അയാൾക്ക് വാതിൽ തുറന്നുകൊടുക്കാനും അയാൾക്ക് സ്വർഗത്തെ കുറിച്ച് സുവാർത്ത അറിയിക്കാനും പറഞ്ഞു. ഞാൻ അയാൾക്കുവേണ്ടി വാതിൽ തുറന്നപ്പോൾ അബൂബക്റിനെയാണ് കണ്ടത്. നബി ﷺ തിരുമേനി എന്നോടു പറഞ്ഞത് ഞാൻ അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം അൽഹംദുലില്ലാഹ് എന്നു പറഞ്ഞു. പിന്നീട് വേറൊരാൾ വന്നു. അയാൾ വാതിൽ തുറക്കാൻ പറഞ്ഞു. നബി ﷺ തിരുമേനി വാതിൽ തുറന്നുകൊടുക്കാനും അയാൾക്ക് സ്വർഗത്തെ കുറിച്ച് സുവാർത്ത അറിയിക്കാനും പറഞ്ഞു. വാതിൽ തുറന്നപ്പോൾ ഹ്ദറത്ത് ഉമറിനെയാണ് കണ്ടത്. നബി ﷺ തിരുമേനി എന്നോടു പറഞ്ഞത് ഞാൻ അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം അൽഹംദുലില്ലാഹ് എന്നു പറഞ്ഞു. പിന്നീട് വേറൊരാൾ വന്നു. അയാൾ വാതിൽ തുറക്കാൻ പറഞ്ഞു. നബി ﷺ തിരുമേനി വാതിൽ തുറന്നുകൊടുക്കാനും ഒരു മുസ്വീബത്ത് അനുഭവിക്കേണ്ടിവന്നാൽതന്നെയും അയാൾക്ക് സ്വർഗത്തെ കുറിച്ച് സുവാർത്ത അറിയിക്കാനും പറഞ്ഞു. വാതിൽ തുറന്നപ്പോൾ ഹ്ദറത്ത് ഉഥ്മാനെയാണ് കണ്ടത്. നബി ﷺ തിരുമേനി എന്നോടു പറഞ്ഞത് ഞാൻ അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം അൽഹംദുലില്ലാഹ് എന്നു പറഞ്ഞു. പിന്നീടു പറഞ്ഞു: മുസ്വീബത്തിൽനിന്ന് സുരക്ഷിതനായിരിക്കാൻ അല്ലാഹുവിനോടു സഹായം തേടാവുന്നതാണ്. *(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നിബിയ്യി ﷺ ബാബു മനാഖിബു ഉമർബ്നുൽ ഖത്ത്വാബ് ഹദീഥ് 3693)*

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് ﷺ നിവേദനം. നബി ﷺ തിരുമേനി പറഞ്ഞു:അബൂബക്ർ ﷺ സ്വർഗവാസിയാണ്. ഉമർ ﷺ സ്വർഗവാസിയാണ്. ഉഥ്മാൻ ﷺ സ്വർഗവാസിയാണ്. ഇതുതന്നെയായിരുന്നു പത്തുപേരെ സംബന്ധിച്ച് അവിടന്ന് പറഞ്ഞത്. അലി ﷺ സ്വർഗവാസിയാണ്. ത്വൽഹ ﷺ സ്വർഗവാസിയാണ്. സുബയ്ർ ﷺ സ്വർഗവാസിയാണ്. അബ്ദുർറഹ്മാൻ ബിൻ ഔഫ് ﷺ സ്വർഗവാസിയാണ്. സഅ്ദ് ബിൻ അബീ വഖാസ് ﷺ സ്വർഗവാസിയാണ്. സയീദ് ബിൻ സയ്ദ് ﷺ സ്വർഗവാസിയാണ്. അബൂ ഉബയ്ദാബിൻ ജർറാഹ് ﷺ സ്വർഗവാസിയാണ്. *(സുനൻ തിർമിദി, കിതബുൽമനാഖിബ്, അബ്ദുർറഹ്മാൻ ബിൻ ഔഫ് ﷺ. ഹദീഥ് നമ്പർ 3747)*

ഹദ്റത്ത് അബൂഹുറയ്റ ﷺ പറഞ്ഞു:ഒരിക്കൽ ഞങ്ങൾ നബി ﷺ തിരുമേനിയുടെ അടുത്തുണ്ടായിരുന്നു. നബി ﷺ തിരുമേനി പറഞ്ഞു: ഞാൻ ഉറക്കത്തിൽ സ്വർഗം കാണുകയുണ്ടായി. അവിടെ ഒരു കൊട്ടാരത്തിന്നടുത്ത് ഒരു സ്ത്രീ വുളു ചെയ്യുകയായിരുന്നു. ഇതാരുടെ കൊട്ടാരമാണെന്ന് ഞാൻ ചോദിച്ചു. ഉമർ ബിൻ ഖത്ത്വാബിന്റേതാണെന്ന് അവിടെയുള്ളവർ പറഞ്ഞു. അദ്ദേഹത്തിന്റെ സ്വകാര്യത തടസ്സപ്പെടുത്തേണ്ട എന്നു കരുതി ഞാൻ തിരികെ വന്നു. ഇതു പറയുമ്പോൾ ഹദ്റത്ത് ഉമറും അവിടെ ഇരിപ്പുണ്ടായിരുന്നു. ഇതുകേട്ട് അദ്ദേഹം കരഞ്ഞുകൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ ഞാൻ അങ്ങയോടു സ്വകാര്യത കാരണം എന്തിനു വിട്ടു നില്ക്കണം? എന്തിനാണ് തിരിച്ചുപോയത്? എനിക്ക് ദൈവാനുഗ്രഹം നല്കാമായിരുന്നില്ലേ?(സ്വഹീഹുൽബുഖാരി, കിതാബു ബദഉൽഖൽഖ് ബാബ് മാജാഅ ഫീ സ്വിഫത്തിൽ ജന്നത്തി വ അന്നഹാമഖ്ലൂഖ ഹദീഥ് 3242)

അബൂസയീദ് ഖുദ്‌രീ ﷺ നിവേദനം. നബി ﷺ തിരുമേനി പറഞ്ഞു:ഇല്ലിയ്യീൻ(സ്വർഗത്തിലെ ഉന്നതസ്ഥാനത്തുള്ള ആളുകൾ) താഴത്തെ തട്ടിലുള്ള സ്വർഗവാസികളെ എത്തിനോക്കിയാൽ അവരുടെ മുഖത്തെ പ്രഭകരണം താഴത്തെ സ്വർഗം വെട്ടിത്തിളങ്ങുന്നതാണ്. അവർ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെപ്പോലെയാണ്. ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഇല്ലിയ്യീനിൽപ്പെട്ടവരാണ്. അവരുടെ കാര്യം അത്ഭുതാവഹംതന്നെ. (സുനൻ അബൂദാവൂദ്, കിതാബുൽഹുറൂഫ്, വൽഖറാഅത്തി, ഹദീഥ് 3987)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിൽനിന്ന് നിവേദനം. നബി ﷺ തിരുമേനി പറഞ്ഞു: 'ഇപ്പോൾ നിങ്ങളുടെ അടുത്തേക്ക് സ്വർഗവാസികളിൽപ്പെട്ട ഒരാൾ വന്നുകൊണ്ടിരിക്കുന്നു.' അപ്പോൾ ഹദ്റത്ത് അബൂബക്ർ ﷺ വന്നു. വീണ്ടും നബി ﷺ തിരുമേനി പറഞ്ഞു: ഇപ്പോൾ നിങ്ങളുടെ അടുത്തേക്ക് സ്വർഗവാസികളിൽപ്പെട്ട ഒരാൾ വന്നുകൊണ്ടിരിക്കുന്നു. അപ്പോൾ ഹദ്റത്ത് ഉമർ ﷺ വന്നു. *(സുനൻ അത്തിർമിദി, കിതാബുൽമനാഖിബ്, ഹദീഥ് 3694)*

ഇതുപോലെ മറ്റൊരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അനസിൽനിന്ന് നിവേദനം. നബി ﷺ തിരുമേനി ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും കുറിച്ച് പറഞ്ഞു:'സ്വർഗത്തിലുള്ള മുൻകടന്നവരും പിൻകടന്നവരുമായ നബിമാരും റസൂൽമാരും ഒഴിച്ചുള്ള എല്ലാവരുടേയും നേതാക്കളായിരിക്കും ഹദ്റത്ത് അബൂബക്റും ﷺ ഉമറും ﷺ *(സുനൻ അത്തിർമിദി, കിതാബുൽമനാഖിബ്, ഹദീഥ് 3664)*

മറ്റൊരു നിവേദനമുണ്ട്.ഹദ്റത്ത് അബൂഹുറയ്റ﵁പറയുന്നു:നബിﷺതിരുമേനി പറഞ്ഞു: ഹദ്റത്ത് ഉമർ﵁സ്വർഗവാസികളുടെ വിളക്കായിരിക്കും. *(ഹുലിയത്തുൽഔലിയാഅ്, ഇമാം അസ്വ്ഫഹാനി, വാള്യം 6, പേജ് 309, നിവേദനം 8950, മക്തബ അൽഈമാനുൽമൻസ്വൂറ 2007)*

ഹദ്റത്ത് ഉമറിന്റെ പദവിയെ കുറിച്ച് മറ്റൊരു നിവേദനമുണ്ട്. നബിﷺതിരുമേനി ഇപ്രകാരം പറഞ്ഞതായി ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ﵁നിവേദനം. എനിക്കുശേഷം ഒരു നബി ഉണ്ടായിരുന്നെങ്കിൽ അത് തീർച്ചയായും ഉമർ ബിൻ ഖത്ത്വാബായേനെ! ഇവിടെ നബിﷺതിരുമേനിക്ക് തൊട്ടുപിന്നാലെ നബി നിയോഗിതനാകുന്ന കാര്യമാണ് പറയുന്നത്. വരാനിരിക്കുന്ന മസീഹും മഹ്ദിയുമായ വ്യക്തിയെ നബിയുല്ലാഹ് എന്ന് നബിﷺതിരുമേനി തന്നെ വിളിച്ചത് ഓർക്കുക. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഫിത്തൻ, ബാബു ദിക്റുദജ്ജാൽ, ഹദീഥ് 7373)*

ഹദ്റത്ത് ഉമർ﵁നെ നബിﷺതിരുമേനി മുഹദ്ദഥ് എന്ന് വിളിച്ചതിനെ സംബന്ധിച്ചാണ് ഇനി പറയുന്നത്. തൽസംബന്ധമായി ഹദ്റത്ത് ആഇശ﵁നിവേദനം. നബിﷺതിരുമേനി ഇപ്രകാരം പറയുകയുണ്ടായി. നിശ്ചയമായും മുൻസമുദായങ്ങളിൽ മുഹദ്ദഥുമാർ ഉണ്ടായിരുന്നു. എന്റെ ഉമ്മത്തിലെ മുഹദ്ദഥ് ഉമറാണ്. *(സുനൻ അത്തിർമിദി, കിതാബുൽ മനാഖിബ് ഹദീഥ് 3693)*

ഹദ്റത്ത് അബൂഹുറയ്റ﵁ നിവേദനം. നബിﷺതിരുമേനി പറഞ്ഞു:എനിക്കുമുമ്പേയുള്ള സമുദായങ്ങളിലും മുഹദ്ദഥുകളായ വ്യക്തികൾ ഉണ്ടായിട്ടുണ്ട്. അപ്രകാരം എന്റെ ഉമ്മത്തിലെ മുഹദ്ദഥ് ഹദ്റത്ത് ഉമറാണ്. മുഹദ്ദഥ് എന്നു പറഞ്ഞാൽ, നിരന്തരം വെളിപാടുകളും ജാഗ്രദർശനങ്ങളും(ഇൽഹാമും കശ്ഫും)ലഭിക്കുന്ന വ്യക്തിയാണ്. തുടർന്നു പറയുന്നു:നിങ്ങൾക്കുമുമ്പേയുണ്ടായ ഇസ്റായീൽ സന്താനങ്ങളിൽ ചിലരോടു അവർ നബിമാർ അല്ലാതിരുന്നിട്ടും അല്ലാഹു സംസാരിച്ചിട്ടുണ്ട്. എന്റെ സമുദായത്തിൽ അങ്ങനെയുള്ള വ്യക്തി ഉമറാണ്. *(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ), ഹദീഥ് 3689)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു എപ്പോഴും ആലങ്കാരിക ഭാഷയാണ് ഉപയോഗിക്കുന്നത്. പ്രകൃതം, സവിശേഷത, കഴിവ് എന്നിവയുടെ അടിസ്ഥാനത്തിൽ അവൻ ഒരാൾക്ക് മറ്റൊരാളുടെ പേര് നല്കാറുണ്ട്. ഇബ്റാഹീമിന്റേതുപോലെ മനസ്സുള്ള വ്യക്തി അല്ലാഹുവിന്റെ മുമ്പിൽ ഇബ്റാഹീമാണ്. ഉമർ ഫാറൂഖിനു സമാന ഹൃദയമുള്ള വ്യക്തി അവന് ഉമർ ഫാറൂഖാണ്. ഈ ഉമ്മത്തിൽ അല്ലാഹു സംസാരിക്കുന്ന വ്യക്തി അതായത് ഒരു മുഹദ്ദഥുണ്ടെങ്കിൽ അത് ഉമർ ആയിരിക്കുമെന്ന് നിങ്ങൾ ഹദീഥിൽ വായിച്ചിട്ടില്ലേ?

എന്നാൽ, ഹദ്റത്ത് ഉമറിൽ മുഹദ്ദഥിയത്ത് അവസാനിച്ചുവെന്നാണോ ആ ഹദീഥിന്റെ വിവക്ഷിതം. ഒരിക്കലുമല്ല. അതിന്റെ അർഥം ഇപ്രകാരമാണ്. ഹദ്റത്ത് ഉമറിന്റെ ആത്മീയാവസ്ഥയ്ക്കു സമാനമായ ആത്മീയാവസ്ഥ നേടുന്ന വ്യക്തി, ആവശ്യം നേരിടുന്ന നേരത്ത് മുഹദ്ദഥായി മാറുന്നതാണ്.' അദ്ദേഹം തുടർന്നെഴുതുന്നു:ഇതു സംബന്ധമായി എനിക്കും ഒരിക്കൽ ഇങ്ങനെ ഇൽഹാമുണ്ടായി. ഫീക്ക മാദ്ദത്തുൻ ഫാറൂഖിയ്യത്തുൻ' *(ഫത്ഹെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 11 അടിക്കുറിപ്പ്)*

പൂർണമായ ഇൽഹാം ഇപ്രകാരമാണ്:'അൻത മുഹദ്ദഥുല്ലാഹി ഫീക്ക മാദ്ദത്തുൻ ഫാറൂഖിയ്യത്തുൻ' അതായത് നീ അല്ലാഹുവിന്റെ മുഹദ്ദഥാണ്. നിന്നിൽ ഫാറൂഖിന്റെ ഗുണവിശേഷം കുടികൊള്ളുന്നു. *(തദ്കിറ പേജ് 82, നാലാം പതിപ്പ്)*

ഹദ്റത്ത് ഉമർ﵁ ഖുർആനിനെ സംരക്ഷിക്കാനും ക്രോഡീകരിക്കാനുമുള്ള അഭിപ്രായം നൽകിയതായി മുൻ ഖുത്ബകളിൽ ഞാൻ വിവരിച്ചിരുന്നു. ഇവിടെയും അത് സംബന്ധമായി ചില കാര്യങ്ങൾ പറയുന്നതാണ്. ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തിൽ യമാമഃ യുദ്ധം നടന്നപ്പോൾ ഖുർആൻ ഹൃദിസ്തമാക്കിയ 70 (ഹാഫിളുമാർ) ശഹീദാകുകയുണ്ടായി. അക്കാര്യത്തെ കുറിച്ച് ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത് അൻസ്വാരി﵁ നിവേദനം: യമാമ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾ ശഹീദായപ്പോൾ ഹദ്റത്ത് അബൂബക്ർ﵁എന്നെ വിളിപ്പിച്ചു. ആ നേരത്ത് അദ്ദേഹത്തോടൊപ്പം ഹദ്റത്ത് ഉമറും ഉണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ﵁ പറഞ്ഞു: ഉമർ എന്റയടുത്ത് വന്നിരുന്നു. എന്നിട്ടെന്നോട് പറഞ്ഞു: യമാമ യുദ്ധത്തിൽ ഒരുപാടുപേർ ശഹീദായി. അതുപോലെ മറ്റു കുറെ ഖാരിമാരും ഇങ്ങനെ യുദ്ധങ്ങളിൽ വധിക്കപ്പെട്ടാൽ ഖുർആനിന്റെ വലിയൊരു ഭാഗം നമുക്ക് നഷ്ടമായിപ്പോകും. അതുകൊണ്ട് ഖുർആനിനെ ഒരിടത്ത് ഒരുമിച്ചുകൂട്ടേണ്ടതാണ്. എന്റെ അഭിപ്രായത്തിൽ അങ്ങ് ഖുർആൻ ക്രോഡീകരിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നാണ്. അതുകഴിഞ്ഞ് ഹദ്റത്ത് അബൂബക്ർ﵁പറഞ്ഞു: ഹദ്റത്ത് ഉമറിന്റെ അഭിപ്രായം ഖുർആൻ ക്രോഡീകരിക്കണമെന്നാണ്. എന്നാൽ, നബിﷺതിരുമേനി സ്വയം ചെയ്യാത്ത ഒരു പ്രവൃത്തി ഞാനെങ്ങനെ ചെയ്യാനാണ്? ഉമർ അപ്പോൾ പറഞ്ഞു: അല്ലാഹുവാണ! അങ്ങ് അങ്ങനെ ചെയ്യുന്നതു വളരെ നല്ലതായിരിക്കും. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: ഉമർ എന്നോട് ഇക്കാര്യം പല തവണ പറയുകയും അല്ലാഹു എന്റെ ഹൃദയം അക്കാര്യത്തിനുവേണ്ടി തുറക്കുകയും ചെയ്തിരിക്കുന്നു. ഉമർ ശരിയാണെന്ന് കരുതിയതുതന്നെയാണ് ഇപ്പോൾ എനിക്കും ഉചിതമായി തോന്നുന്നത്. അതായത് ഖുർആൻ ക്രോഡീകരിക്കേണ്ടതുണ്ട്. അങ്ങനെ സയ്ദ് ബിൻ ഥാബിത്ത്﵁ഖുർആൻ ക്രോഡീകരിക്കുന്ന പ്രവൃത്തികൾ തുടങ്ങി. *(സ്വഹീഹുൽബുഖാരി കിതാബുത്തഫ്സീർ, ബാബു ഖൗലഹൂ ലഖദ് ജാഅക്കും റസൂലുൻ മിൻ അൻഫുസിക്കും ഹദീഥ് നമ്പർ 4679)*

ഇതിന്റെ വിശദീകരണം ഞാൻ പല തവണ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്.

ഹദ്റത്ത് ഉമർ﵁ഖുർആൻ മനഃപാഠമാക്കിയതിനെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﵁ഇപ്രകാരം പറയുന്നു: അബൂഉബയ്ദ പറയുന്നു: നബിﷺതിരുമേനിയുടെ മുഹാജിരീങ്ങളായ സ്വഹാബാക്കളിൽ ഇനി പറയുന്നവർ ഖുർആൻ ഹൃദിസ്തമാക്കിയിരുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. അബൂബക്ർ﵁, ഉമർ﵁, ഉഥ്മാൻ﵁, അലി﵁, ത്വൽഹ﵁,സഅ്ദ് ബിൻ മസ്ഊദ്﵁, ഹുദയ്ഫ﵁, സാലിം﵁, അബുഹുറയ്റ ﵁,അബ്ദുല്ലാഹ് ബിൻ സാഇബ്﵁, അബ്ദുല്ലാഹ് ബിൻ ഉമർ﵁, അബ്ദുല്ലാഹ് ബിൻ അബ്ബാസ്﵁.(ദീബാച്ഛ തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 429)

ഇങ്ങനെയും പറയപ്പെടുന്നുണ്ട്, നബിﷺതിരുമേനിക്കുണ്ടായ ചില വഹ്‌യുകൾ ഹദ്റത്ത് ഉമർ ﵁ന്റെ അഭിപ്രായവുമായി യോജിച്ച് പോരുന്നവയായിരുന്നു. സ്വിഹാഹു സിത്തയിൽ ഇത് സംബന്ധിച്ചുള്ള നിവേദനങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് ഉമറുമായി യോജിച്ചുകൊണ്ടുള്ള ദൈവിക വെളിപാടുകൾ രേഖപ്പെടുത്തിയിട്ടുള്ള ഹദീഥുകളിൽ നിന്നു മനസ്സിലാകുന്നത് മൂന്നു കാര്യങ്ങളിൽ ഇതു പോലെ ഉമറിന്റെ വാക്കുകളോട് ദൈവിക വചനങ്ങൾ യോജിച്ചതായാണ്. എന്നാൽ, സ്വിഹാഹു സിത്തയിലെ ഈ നിവേദനങ്ങളൊക്കെ ഒരുമിച്ചു കൂട്ടിയാൽ അവയുടെ എണ്ണം 7 വരെ ഉള്ളതായി കാണാം. സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് ഉമറിൽനിന്നുമുള്ള ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഉമർ പറയുന്നു: മൂന്നുകാര്യങ്ങളിൽ എന്റെ അഭിപ്രായത്തോട് യോജിച്ച ദൈവിക കൽപനയുണ്ടായി. ഞാൻ ഒരിക്കൽ നബിﷺതിരുമേനിയോട് പറഞ്ഞു: മഖാമേ ഇബ്റാഹീമിനെ നമസ്കാര സ്ഥലമായി നമുക്ക് സ്വീകരിച്ചാലോ. ഇതു ഞാൻ പറഞ്ഞപ്പോൾ, വത്തഖിദു മിൻമ്മഖാമി ഇബ്റാഹീമ മുസ്വല്ലാ എന്ന ആയത്തിറങ്ങി. പർദയുടെ കല്പന. ഞാൻ പറഞ്ഞപ്പോൾ പർദയുടെ കല്പന ഇറങ്ങി. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!അങ്ങ് അങ്ങയുടെ ഭാര്യമാരോടു പർദ ആചരിക്കാൻ വേണ്ടി കൽപിക്കുക. കാരണം അവരോട് സംസാരിക്കാൻ വരുന്നവരിൽ നല്ലവരും ചീത്തവരും ഉണ്ടാകാം. അതിനുശേഷം പർദയുടെ ആയത്തിറങ്ങി. നബിﷺതിരുമേനിയുടെ ഭാര്യമാർ ആ മഹാത്മാവിനെ കുറിച്ച് അഭിപ്രായ ഭിന്നത വെച്ചു പുലർത്തിയപ്പോൾ ഹദ്റത്ത് ഉമർ﵁ നബിﷺതിരുമേനിയോട് പറഞ്ഞു: അത്തരം ഭാര്യമാരെ അങ്ങ് ത്വലാഖ് ചൊല്ലുക. കാരണം അവരെക്കാൾ മികച്ച ഭാര്യമാരെ അല്ലാഹു അങ്ങയ്ക്ക് നല്കുന്നതാണെന്ന് ഞാൻ അടിയുറച്ച് വിശ്വസിക്കുന്നു. അക്കൂട്ടത്തിൽ ഹദ്റത്ത് ഉമറിന്റെ മകൾ ഹഫ്സ്വയും ഉണ്ടായിരുന്നു. ആ നേരത്ത് ഇങ്ങനെ ഒരായത്തിറങ്ങി: അസാറബ്ബുഹൂ ഇൻ ത്വല്ലഖകുന്നഅൻയ്യുബ്ദിലഹൂ അസ്‌വാജൻ ഖയ്റൻ മ്മിൻകുന്ന അതായത് നീ അവരെ ത്വലാഖ് ചെയ്താൽ അവരെക്കാൾ മികച്ച ഭാര്യമാരെ നിന്റെ നാഥൻ നിനക്ക് നൽകുന്നതായിരിക്കും. *(സ്വഹീഹുൽബുഖാരി, കിതാബുസ്സ്വലാത്ത് ഹദീഥ് നമ്പർ 402)*

സ്വഹീഹ് മുസ്‌ലിമിൽ ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഇബ്നു ഉമർ﵁ പറയുന്നു: ഹദ്റത്ത് ഉമർ﵁പറഞ്ഞു: മൂന്ന് സന്ദർഭങ്ങളിൽ എന്റെ നാഥൻ എന്റെ വാക്കുകൾക്ക് അനുയോജ്യമായ കൽപ്പനകളിറക്കി. ഒന്ന് മഖാമേ ഇബ്റാഹീമിനെ കുറിച്ച്. രണ്ട് പർദയെ കുറിച്ച്. മൂന്ന് ബദ്റിലെ യുദ്ധ തടവുകാരെ കുറിച്ച്. *(സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ഹദീഥ് നമ്പർ 6206)*

പക്ഷേ, ബദ്റിലെ യുദ്ധത്തടവുകാരെ കുറിച്ചുള്ള നിവേദനം ശരിയല്ല. അത് സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ ഒരുപാട് ചർച്ച ചെയ്തിട്ടുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും എഴുതിയിട്ടുണ്ട്. ചില തെളിവുകളുടെ അടിസ്ഥാനത്തിൽ ബദ്റിലെ യുദ്ധ തടവുകാർക്ക് ശിക്ഷ നൽകുന്നത്

സംബന്ധിച്ച നിവേദനം ശരിയല്ലെന്ന് മുൻകാല പണ്ഡിതന്മാരും ഖുർആൻ വ്യാഖ്യാതാക്കളും എഴുതിയിട്ടുണ്ട്. ഇതേ കുറിച്ചുള്ള വിശദാംശങ്ങൾ ഞാൻ മുമ്പേയൊരിക്കൽ ഒരു ഖുത്ബയിൽ വിവരിച്ചു കഴിഞ്ഞതാണ്.

ഹദ്റത്ത് ഉമർ മുനാഫിഖീങ്ങളുടെ (കപടവിശ്വാസികളുടെ) ജനാസ നമ്സകരിക്കരുതെന്ന് അഭിപ്രായപ്പെട്ടപ്പോൾ അതിനെ അനുകൂലിച്ചുകൊണ്ട് ഖുർആൻ വെളിപാട് ഇറങ്ങിയതായി സ്വഹീഹ് മുസ്‌ലിമിൽ വന്നിട്ടുണ്ട്. ഹദ്റത്ത് ഇബ്നു ഉമർ رضی اللہ عنہ നിവദനം. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മരിച്ചപ്പോൾ അയാളുടെ മകൻ അബ്ദുല്ലാഹ് ബിൻ അബ്ദില്ലാഹ് നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരാകുകയും അവിടത്തെ വസ്ത്രം തന്റെ പിതാവിന് കഫൻ പൊതിയാൻ തരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അപ്പോൾ നബിﷺതിരുമേനി തന്റെ വസ്ത്രം അവനു നൽകി. അതിനു ശേഷം അയാൾ നബിﷺതിരുമേനിയോട് തന്റെ പിതാവിൻെറ ജനാസ നമസ്കരിപ്പിക്കാൻ അഭ്യർഥിച്ചു. അപ്പോൾ അയാളുടെ ജനാസ നമസ്കരിപ്പിക്കുന്നതിന് പോകാൻ നബിﷺതിരുമേനി ഒരുങ്ങി. ആ നേരത്ത് ഹദ്റത്ത് ഉമർ رضی اللہ عنہ എഴുന്നേറ്റു വരികയും നബിﷺതിരുമേനിയുടെ വസ്ത്രം പിടിച്ച് വെക്കുകയും യാ റസൂലല്ലാഹ്! അല്ലാഹു അങ്ങയോട് അയാളുടെ ജനാസ നമസ്കരിപ്പിക്കരുതെന്ന് വിലക്കിയിട്ടും അങ്ങ് ജനാസ നമസ്കരിപ്പിക്കാനാണോ പോകുന്നതെന്ന് ചോദിക്കുകയും ചെയ്തു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: അല്ലാഹു എനിക്ക് അക്കാര്യത്തിൽ അധികാരം നൽകിയിട്ടുണ്ട്. പറഞ്ഞു: ഇസ്തഗ്ഫിർ ലഹും ഔലാ തസ്ഗ്ഫിർ ലഹും അവർക്കുവേണ്ടി നിനക്ക് ഇസ്തിഗ്ഫാർ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാം. നീ അവർക്ക് വേണ്ടി 70 തവണ ഇസ്തിഗ്ഫാർ ചെയ്താലും അല്ലാഹു സ്വീകരിക്കുകയില്ല. നബിﷺതിരുമേനി പറഞ്ഞു:ഞാൻ എഴുപതിലധികം തവണ ഇസ്തിഗ്ഫാർ ചെയ്യും. ഹദ്റത്ത് ഉമർ പറഞ്ഞു: 'അയാൾ മുനാഫിഖാണ്.' എന്നിട്ടും നബിﷺതിരുമേനി അയാളുടെ ജനാസ നമസ്കരിപ്പിച്ചു. അപ്പോൾ അല്ലാഹു ഇപ്രകാരം ആയത്തിറക്കി. വാല തുസല്ലി അലാ അഹദിൻ മിൻഹും മാത്ത അബദൻ അതായത് നീ അവരുടെ ജനാസ ഒരിക്കലും നമസ്കരിപ്പിക്കരുത്. ഇവിടെ മുനാഫിഖീങ്ങളെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ ഒരിക്കലും അവരുടെ ഖബറിന്നടുത്ത് ചെന്ന് ദുആയും ചെയ്യരുത്. *(സ്വഹീഹ് മുസ്‌ലിം കിതാബുൽഫളാഇലുസ്വഹാബത്തിഹീ ഹദീഥ് നമ്പർ 6207)*

മദ്യപാനം ഹറാം ആക്കിയതിനെ കുറിച്ച് ഹദ്റത്ത് ഉമറിന്റെ അഭിപ്രായത്തെ അനുകൂലിച്ചു കൊണ്ടുള്ള ഖുർആനിക വഹ്‌യ് ഇറങ്ങിയതിനെ കുറിച്ച് സുനൻ തിർമിദിയിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് رضی اللہ عنہ ഇപ്രകാരം ദുആ ചെയ്തു. അല്ലാഹുവേ! മദ്യത്തെ കുറിച്ച് ഞങ്ങൾക്ക് തൃപ്തികരമായുള്ള ഒരു കൽപന നീ ഇറക്കിയാലും. ആ നേരത്ത് സൂറ ബഖറയിലെ യസ്അലൂനക്ക അനിൽഖംരി വൽമയ്സിരി എന്ന ആയത്തിറങ്ങി. അതായത് അവർ നിന്നോട് മദ്യപാനത്തേയും ചൂതാട്ടത്തേയും കുറിച്ച് ചോദിക്കുന്നു. നീ അവരോട് പറയുക: ഇവ രണ്ടിലും വലിയ പാപവുമുണ്ട്. ജനങ്ങൾക്ക് പ്രയോചനവുമുണ്ട്. എന്നാൽ, രണ്ടിന്റേയും പ്രയോചനങ്ങളേക്കാൾ കൂടുതൽ പാപമാണുള്ളത്. ഈ ആയത്തിറങ്ങിയപ്പോൾ ഹദ്റത്ത് ഉമറിന് ആ ആയത്ത് കേൾപ്പിച്ചു കൊടുത്തു. അതു കേട്ടപ്പോൾ ഹദ്റത്ത് ഉമർ പിന്നെയും പറഞ്ഞു: അല്ലാഹുവേ!മദ്യത്തെ കുറിച്ച് ഞങ്ങൾക്കു കൂടുതൽ വ്യക്തമായ കല്പന നൽകിയാലും. അപ്പോൾ സൂറ നിസാഇലെ ലാ തഖ്റബുസ്സലാത്ത വഅൻതും സുക്കാറാ എന്ന ആയത്തിറങ്ങി. അതായത് നിങ്ങൾ ബോധമില്ലാത്ത അവസ്ഥയിൽ, നിങ്ങൾ പറയുന്നതെന്താണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്തതുവരെ നിങ്ങൾ നമസ്കാരത്തെ സമീപിക്കരുത്. ഉമർ വന്നപ്പോൾ ഈ ആയത്തും കേൾപിക്കപ്പെട്ടു . അപ്പോൾ ഉമർ വീണ്ടും പറഞ്ഞു: 'അല്ലാഹുവേ! മദ്യത്തെ കുറിച്ചുള്ള വ്യക്തവും സ്പഷ്ടവുമായ കല്പന നൽകിയാലും. അപ്പോൾ സൂറ മാഇദയിലെ ഇന്നമാ യുരീദുശ്ശയ്ത്വാനു അൻയ്യൂഖിഅ ബയ്നക്കുമുൽഅദാവത്ത് വൽ ബഗ്ളാഅ ഫിൽഖംരി വൽമയ്സിരി വ യസ്വുദ്ദക്കും അൻദിക്‌രില്ലാഹി വ അനിസ്സ്വലാത്തി ഫഹൽ അൻതുംമ്മുൻതഹൂൻ എന്ന ആയത്തിറങ്ങി. അതായത് ശയ്ത്വാൻ ആഗ്രഹിക്കുന്നത് നിങ്ങൾക്കിടയിൽ മദ്യവും ചൂതാട്ടവും മുഖേന ശത്രുതയും പകയും ഉളവാക്കാനാണ്. നിങ്ങളെ ദൈവസ്മരണയിൽ നിന്നും നമസ്കാരത്തിൽ നിന്നും അകറ്റി നിറുത്താനാണ്. എന്താ! നിങ്ങൾ അവയെ വിട്ടു നിൽക്കുന്നവരാണോ? ഉമർ വീണ്ടും വന്നു. ഈ ആയത്ത് കേൾപിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ വിട്ടുനിന്നു. ഞങ്ങൾ വിട്ടു നിന്നു.' *(സുനനുത്തിർമിദി, കിതാബു തഫ്സീറുൽ ഖുർആൻ ഹദീഥ് നമ്പർ 3049)*

സിഹാഹു സിത്തയിൽ വിവരിക്കപ്പെട്ട ഈ സംഗതികളെക്കൂടാതെ ജീവചരിത്രകാരന്മാർ വേറെയും പല സംഭവങ്ങൾ അല്ലാഹുവിന്റെ അനുകൂല വിധി ഉമറിന്റെ അഭിപ്രായത്തെ കുറിച്ചു വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാമാ സുയൂത്വി ഇരുപതോളം കാര്യങ്ങൾ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. *(താരീഖുൽഖുലഫാഉ, പേജ് 98, ദാറുൽകിതാബിൽഅറബി ബെയ്റുത്ത് 1999)*

ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറയുന്നു: 'സ്വഹാബാക്കളിൽ ഹദ്റത്ത് ഉമർ رضی اللہ عنہ എത്ര വലിയ പദവിയാർന്ന ആളാണെന്ന് നിങ്ങൾക്കറിയാമോ? ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തെ അനുകൂലിച്ചുകൊണ്ടുള്ള ഖുർആനിക ആയത്തുകൾ ഇറങ്ങുമായിരുന്നു. മാത്രമല്ല ഒരു ഹദീഥിൽ വന്നിട്ടുള്ളത് ശയ്ത്വാൻ ഉമറിന്റെ നിഴൽ കണ്ടാൽ ഓടിപ്പോകുമെന്നാണ്. മറ്റൊരു ഹദീഥിലുള്ളത് നബിﷺതിരുമേനി പറയുകയുണ്ടായി. എനിക്കുശേഷം ഒരു നബിയുണ്ടെങ്കിൽ അത് ഉമറായിരിക്കുമെന്നാണ്. മൂന്നാമത്തെ ഹദീഥിലുള്ളത് മുൻ സമുദായങ്ങളിലും മുഹദ്ദഥ് അഥവാ ദൈവഭാഷണം സിദ്ധിച്ചവർ ഉണ്ടായിരുന്നു, എന്നാൽ, എന്റെ ഉമ്മത്തിൽ അങ്ങനെ ഒരു മുഹദ്ദഥുണ്ടെങ്കിൽ അത് ഉമറായിരിക്കും എന്നാണ്. *(ഇസാലയെ ഔഹാം, ഭാഗം 1, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 219)*

ഹദ്റത്ത് ഉമറിന്റെ യുദ്ധ സംബന്ധമായ അഭിപ്രായങ്ങളേയും അവയെ നബിﷺതിരുമേനി അംഗീകരിച്ചതിനേയും കുറിച്ച് നിവേദനമുണ്ട്. ഹദ്റത്ത് അബൂ ഹുറയ്റയോ ഹദ്റത്ത് അബൂ സയീദോ നിവേദനം. ആരാണ് നിവേദനം ചെയ്തതെന്ന കാര്യത്തിൽ അഅ്മശിന് ഉറപ്പില്ല. എന്തായാലും പറയുന്നു: 'തബൂക് യുദ്ധം നടക്കുകയായിരുന്നു. മുസ്‌ലിമീങ്ങൾക്ക് വിശപ്പു സഹിക്കവയ്യാത്ത അവസ്ഥയുണ്ടായി. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!അങ്ങ് അനുമതി തരുകയാണെങ്കിൽ വെള്ളം കൊണ്ടു വരുന്ന ഒട്ടകത്തെ ഞങ്ങൾ അറുക്കാം. അതിന്റെ ഇറച്ചി തിന്നുകയും നെയ്യ് ഉപയോഗിക്കുകയും ചെയ്യാം.' നബി ﷺതിരുമേനി അങ്ങനെ ചെയ്തു കൊള്ളാൻ പറഞ്ഞു. പറയുന്നു: 'അപ്പോൾ ഹദ്റത്ത് ഉമർ വന്നു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!അതിനു അനുമതി നൽകിയാൽ ക്രമേണ യാത്രാമൃഗങ്ങളിൽ കുറവ് വരുന്നതാണ്. അതുകൊണ്ട് എല്ലാവരോടും അവരുടെ കൈയിലുള്ള മിച്ചംവന്ന സാധനസാമഗ്രികൾ കൊണ്ടുവന്നു ഒരുമിച്ചു കൂട്ടാൻ ഉത്തരവ് നൽകുക. എന്നിട്ട് അതിൽ സമൃദ്ധിയുണ്ടാകാൻ വേണ്ടി ദുആ ചെയ്യുക. അല്ലാഹു അതിൽ ബർക്കത്ത് ചൊരിയുമെന്നാണ് എന്റെ വിശ്വാസം.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ശരി അങ്ങനെ ചെയ്യാം.' നിവേദകൻ പറയുന്നു: നബിﷺതിരുമേനി ഒരു തോലിന്റെ ഷീറ്റു വരുത്തി, അത് അവിടെ വിരിച്ചു. എല്ലാവരോടും തങ്ങളുടെ പക്കൽ ബാക്കിയുള്ള ഭക്ഷണ സാധനങ്ങൾ കൊണ്ടുവരാൻ പറഞ്ഞു. നിവേദകൻ പറയുന്നു: ചിലർ ഒരു പിടി ചോളം കൊണ്ടുവന്നു. ചിലർ ഒരു പിടി ഈത്തപ്പഴം കൊണ്ടുവന്നു. ചിലർ കുറച്ച് റൊട്ടി കഷണങ്ങളും മറ്റും കൊണ്ടുവന്നു. അങ്ങനെ അവിടെ കുറച്ചു സാധനങ്ങൾ സ്വരുക്കൂട്ടാനായി. നിവേദകൻ പറയുന്നു: നബിﷺതിരുമേനി അവയിൽ ബർക്കത്തുണ്ടാകാൻ ദുആ ചെയ്തു. അതിനുശേഷം എല്ലാവരോടും തങ്ങളുടെ പാത്രങ്ങളിൽ വേണ്ടത്ര ഭക്ഷണ സാധനങ്ങൾ എടുത്തുകൊള്ളാനും ആവശ്യപ്പെട്ടു. അവരെല്ലാവരും തങ്ങളുടെ പത്രങ്ങളിൽ സാധനങ്ങൾ നിറക്കാൻ തുടങ്ങി. ആ സൈന്യത്തിന്റെ കൂടെയുണ്ടായ പാത്രങ്ങളെല്ലാം അവർ നിറച്ചു. എന്നിട്ടെല്ലാവരും അവ വയർ നിറയുവോളം കഴിച്ചു. കുറച്ച് മിച്ചവും വന്നു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും ഞാൻ അല്ലാഹുവിന്റെ പ്രവാചകനാണെന്നും ഞാൻ ഇവിടെ സാക്ഷ്യം വഹിക്കുന്നു. ആരാണോ ഈ രണ്ടു സാക്ഷ്യങ്ങളും ഒരുവിധ സംശയവും കൂടാതെ വഹിച്ച നിലയിൽ അല്ലാഹുവിനെ കാണുന്നത് അവനെ സ്വർഗ്ഗത്തിൽ നിന്നു തടയാൻ ഒരു കാര്യത്തിനുമാകില്ല.' ഇതു മുസ്‌ലിമിലെ നിവേദനമാണ്.*(സ്വഹീഹു മുസ്‌ലിം, കിതാബുൽഈമാൻ ഹദീഥ് 139)*

ബുഖാരിയിൽ ഈ നിവേദനം ഇപ്രകാരം വന്നിരിക്കുന്നു. യസീദ് ബിൻ അബു ഉബയ്ദ്, ഹദ്റത്ത് സലമ ബിൻ അക്വഅ് رضی اللہ عنہ യിൽ നിന്നു നിവേദനം. അദ്ദേഹം പറഞ്ഞു: ഒരു യാത്രയിൽ മുസ്‌ലിമീങ്ങളുടെ പാഥേയത്തിൽ കുറവു വന്നു. അവരുടെ പക്കൽ ഭക്ഷണം ഒന്നും ബാക്കി വന്നില്ല. അവർ നബിﷺതിരുമേനിയുടെ അടുത്തുചെന്ന് ഒട്ടകത്തെ അറുക്കാനുള്ള അനുവാദം ചോദിച്ചു. നബിﷺതിരുമേനി അവർക്ക് അനുവാദം നൽകി. അതിനുശേഷം ഹദ്റത്ത് ഉമർ رضی اللہ عنہ അവരെ കാണാനിടയായി. അവർ ഹദ്റത്ത് ഉമറിനോട് അക്കാര്യം പറഞ്ഞു. അപ്പോൾ ഹദ്റത്ത്

ഉമർ ചോദിച്ചു: 'നിങ്ങളുടെ ഒട്ടകങ്ങൾ ഇല്ലാതായാൽ പിന്നെ നിങ്ങൾക്കെങ്ങനെ യാത്ര തുടരാനാകും?' അതുംപറഞ്ഞ് ഹദ്റത്ത് ഉമർ ﷺ, നബിﷺതിരുമേനിയുടെ അടുത്തുവന്നു. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഒട്ടകങ്ങൾ ഇല്ലാതായാൽ പിന്നെ യാത്രയ്ക്ക് ഇവരെന്ത് ചെയ്യും? അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: എല്ലാവരും തങ്ങളുടെ പക്കൽ ബാക്കിയുള്ള ഭക്ഷണ പദാർഥങ്ങൾ കൊണ്ടുവരാനായി വിളംബരം ചെയ്യുക. ശേഷം നബിﷺതിരുമേനി അവയിൽ ബർക്കത്തുണ്ടാകാൻ ദുആ ചെയ്തു. തുടർന്ന് എല്ലാവരോടും തങ്ങളുടെ പാത്രം കൊണ്ടുവരാൻ പറഞ്ഞു. എല്ലാവരും തങ്ങളുടെ പാത്രങ്ങൾ ഭക്ഷണ സാധനങ്ങൾകൊണ്ട് നിറച്ചു. അവരെല്ലാവരും വയറു നിറച്ച് ഭക്ഷണം കഴിച്ചതിനുശേഷം നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും ഞാൻ അല്ലാഹുവിന്റെ റസൂലാണെന്നും ഇതാ സാക്ഷ്യം വഹിക്കുന്നു. *(സ്വഹീഹുൽബുഖാരി, കിതാബുൽജിഹാദ് വസ്സയ്ർ, ഹദീഥ് 2982)*

ബാങ്കുവിളിയുടെ ആരംഭത്തെ കുറിച്ചും ഹദ്റത്ത് ഉമർﷺസ്വപ്നം കണ്ടിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ വിവരിക്കുന്നു:'അല്ലാഹുവിന്റെ വഹ്‌യ് സ്വഹാബാക്കളിലും ഇറങ്ങുകയുണ്ടായി. നബിﷺ തിരുമേനിയുടെ കാലഘട്ടത്തിൽ അബ്ദുല്ലാഹ് ബിൻ സയ്ദ് എന്നൊരു സ്വഹാബിയുണ്ടായിരുന്നു. അല്ലാഹു വഹ്‌യ് മുഖേന അദ്ദേഹത്തെ ബാങ്കുവിളിയുടെ വചനങ്ങൾ പഠിപ്പിക്കുകയും നബിﷺതിരുമേനി ആ വചനങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിമീങ്ങൾക്കിടയിൽ ബാങ്കുവിളിക്കുന്ന പതിവ് ഉണ്ടാക്കുകയും ചെയ്തു. പിന്നീട് അക്കാര്യത്തെ ഖുർആനിക വെളിപാടും സാക്ഷ്യപെടുത്തുകയുണ്ടായി. ഹദ്റത്ത് ഉമർﷺ പറയുന്നു: 'അല്ലാഹു എനിക്കും ബാങ്കുവിളിയുടെ വചനങ്ങൾ പഠിപ്പിച്ച് തരികയുണ്ടായി. എന്നാൽ, ഇരുപത് ദിവസങ്ങളോളം ഞാൻ അതെക്കുറിച്ച് മൗനം പാലിച്ചു. കാരണം മറ്റൊരു വ്യക്തി അതെക്കുറിച്ച് നബിﷺതിരുമേനിയോട് വിവരിച്ചു കഴിഞ്ഞിരുന്നു. ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'ഒരു മലക്ക് വന്ന് എനിക്കു ബാങ്കുവിളിയിലെ വചനങ്ങൾ പഠിപ്പിക്കുകയുണ്ടായി. ഞാൻ ആ സമയത്ത് ഗാഢമായ നിദ്രയിലായിരുന്നില്ല. ഇത് ഹദ്റത്ത് ഉമറിന്റെ വാക്കുകളാണ്. അതായത് കുറച്ച് ഉണർന്നിരിക്കുകയായിരുന്നു.*(മസ്അലയെ വഹി വ നുബുവ്വത്ത് കെ മുത്തഅല്ലിഖ് ഇസ്‌ലാമീ നള്‌രിയ, അൻവാറുൽ ഉലൂം വാല്യം 23, പേജ് 282)*

സുനൻ തിർമിദിയിലെ നിവേദനമാണ്. ഇതു ഞാൻ മുമ്പേയും വിവരിച്ചതാണ്. എന്നാൽ, ഇവിടെയും വിവരിക്കാം. അതിന്റെ അവസാന ഭാഗത്ത് നബിﷺതിരുമേനിക്ക് ഹദ്റത്ത് ഉമറിന്റെ സ്വപ്നം എത്രത്തോളം പ്രാധാന്യമർഹിക്കുന്നതായിരുന്നുവെന്ന് വന്നിട്ടുണ്ട്. മുഹമ്മദ് ബിൻ അബ്ദുല്ലാഹ് ബിൻ സയ്ദ് തന്റെ പിതാവിൽനിന്നു നിവേദനം. ഞങ്ങൾ സ്വുബ്ഹി നേരത്ത് നബിﷺതിരുമേനിയുടെ അടുത്ത് വന്നു. ഞാൻ ഈ സ്വപ്നം നബിﷺതിരുമേനിയെ കേൾപ്പിച്ചു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'നിശ്ചയമായും ഇത് ഒരു സത്യ സ്വപ്നമാണ്. നീ ബിലാലിന്റെ അടുത്ത് പോകുക. അദ്ദേഹം ഉയർന്ന ശബ്ദത്തിനുടമയാണ്. നീ അദ്ദേഹത്തോട് ഈ വചനങ്ങൾ പറഞ്ഞു കൊടുക്കുക. അദ്ദേഹം അത് ഉറക്കെ ഏറ്റു പറയുന്നതാണ്. അബ്ദുല്ലാഹ് ബിൻ സയ്ദ് പറയുന്നു: ഹദ്റത്ത് ബിലാലിന്റെ ബാങ്കുവിളി കേട്ടപ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് തന്റെമേൽപുതപ്പ് വലിച്ചിഴച്ചുകൊണ്ട് പെട്ടെന്നുതന്നെ നബിﷺതിരുമേനിയുടെ അടുത്തുവന്നു. എന്നിട്ട് പറഞ്ഞു: അങ്ങയെ സത്യത്തോടെ നിയോഗിച്ചയച്ച അസ്തിത്വത്തെ തൊട്ട് സത്യം! അല്ലാഹുവിന്റെ റസൂലേ! ഈ ബാങ്കിൽ പറഞ്ഞ എല്ലാ വചനങ്ങളും ഞാൻ സ്വപ്നത്തിൽ പലവട്ടം കണ്ടിരിക്കുന്നു.' നിവേദകൻ പറയുന്നു: 'അപ്പോൾ നബിﷺതിരുമേനി പറഞ്ഞു. അല്ലാഹുവിനാണ് സർവ്വ സ്തുതിയും. ഇക്കാര്യം കൂടുതൽ ദൃഢഗാഢമായിരിക്കുന്നു.' അതായത് ഇത് കൂടുതൽ സാക്ഷ്യപ്പെട്ടിരിക്കുന്നു. *(സുനൻ അത്തിർമിദി, കിതാബുസ്സ്വലാത്ത്, ഹദീഥ് 189)*

നബിﷺതിരുമേനിയെ ഹദ്റത്ത് ഉമർﷺഎങ്ങനെയാണ് ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നത്? നബിﷺതിരുമേനിയുടെ സ്ഥാനമെന്തായിരുന്നു? ഇതുസംബന്ധമായി ഹദ്റത്ത് ഇബ്നു ഉമർﷺനിവേദനം. 'ഞാൻ നബിﷺതിരുമേനിയോടൊപ്പം ഒരു യാത്രയിലായിരുന്നു. ഹദ്റത്ത് ഉമർﷺ ന്റെ ഒരു ഒട്ടകത്തിൽ ഞാൻ സഞ്ചരിക്കുകയായിരുന്നു. അതെപ്പോഴും നബിﷺതിരുമേനിയുടെ ഒട്ടകത്തെ മറികടന്നുകൊണ്ടിരുന്നു. അതുകണ്ട ഹദ്റത്ത് ഉമർﷺഎന്നോട് പറഞ്ഞു: 'അബ്ദുല്ലാഹ്! ആരും തന്നെ നബിﷺതിരുമേനിയെ മറികടക്കാൻ പാടില്ല. അതായത് നിന്റെ ഈ സവാരിമൃഗം നബിﷺതിരുമേനിയുടെ സവാരിമൃഗത്തെ മുൻകടക്കാൻ പാടില്ല.' നബിﷺതിരുമേനി ഹദ്റത്ത് ഉമറിനോട് പറഞ്ഞു: 'ഈ ഒട്ടകത്തെ എനിക്ക് വിൽക്കുക.' അപ്പോൾ ഹദ്റത്ത് ഉമർﷺപറഞ്ഞു: 'ഇത് അങ്ങയുടേതു തന്നെയാണല്ലോ?' അവസാനം നബിﷺ തിരുമേനി അത് വിലക്കുവാങ്ങി. അതിനുശേഷം പറഞ്ഞു:അബ്ദുല്ലാഹ്!ഇതിപ്പോൾ നിന്റേതാണ്. നിനക്കിത് നിന്റെ ഇഷ്ടം പോലെ ഉപയോഗിക്കാം. അതായത് നബിﷺതിരുമേനി അത് വാങ്ങി ഇബ്നു ഉമറിന് ഉപഹാരമായി നൽകി. *(സ്വഹീഹുൽബുഖാരി, കിതാബുൽഹിബ, ഹദീഥ് 2610)*

ഹദ്റത്ത് അനസ് ബിൻ മാലിക്ﷺ വിവരിക്കുന്നു. ഒരിക്കൽ സൂര്യൻ മധ്യാഹ്നത്തിൽ നിന്നു അല്പം തെറ്റിയ നേരത്ത് നബിﷺതിരുമേനി വന്നു ളുഹ്ർ നമസ്കരിപ്പിച്ചു. അനന്തരം മിമ്പറിയിൽ കയറി. അന്ത്യദിനത്തെകുറിച്ച് ഓർമപ്പെടുത്തി. ആ ദിനത്തിൽ മഹത്തായ പല സംഭവങ്ങളും ഉണ്ടാകുമെന്ന് ഉണർത്തി. പിന്നീട് നബിﷺതിരുമേനി പറഞ്ഞു:വല്ലവർക്കും വല്ല കാര്യത്തെപറ്റിയും ചോദിക്കാനുണ്ടെങ്കിൽ അവർ ചോദിച്ചു കൊള്ളട്ടെ. ഞാൻ ഇവിടെ നില്ക്കുന്ന സമയമത്രയും നിങ്ങളെന്നോടു എന്തു ചോദിച്ചാലും ഞാനുത്തരം നല്കാതിരിക്കുകയില്ല. ജനങ്ങൾ ഇതെല്ലാംകേട്ടപ്പോൾ വളരെയേറെ കരഞ്ഞു. നിങ്ങൾ ചോദിച്ചുകൊള്ളുക എന്ന് നബിﷺ തിരുമേനി ആവർത്തിച്ചു പറഞ്ഞുകൊണ്ടുമിരുന്നു. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുദാഫ എഴുന്നേറ്റ് നിന്ന് ചോദിച്ചു. എന്റെ പിതാവാരാണ്? നബിﷺതിരുമേനി പറഞ്ഞു; ഹുദാഫത്താണ് നിന്റെ പിതാവ്. നബിﷺതിരുമേനി പിന്നെയും ചോദ്യങ്ങൾ ചോദിക്കാൻ സദസ്യരോടു പറഞ്ഞുകൊണ്ടിരുന്നു. അന്നേരം നബിﷺതിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തിയിരുന്നിട്ട് ഹദ്റത്ത് ഉമർﷺഅവിടത്തോടു അപേക്ഷിച്ചു: റളീനാ ബില്ലാഹി റബ്ബൻ വബിൽഇസ്‌ലാമി ദീനൻ വബി മുഹമ്മദിൻ നബിയ്യൻ അല്ലാഹുവിനെ ഞങ്ങളുടെ നാഥനായും ഇസ്‌ലാമിനെ ഞങ്ങളുടെ മതമായും മുഹമ്മദിനെ ഞങ്ങളുടെ നബിയായും ഞങ്ങൾ സ്വീകരിച്ചു തൃപ്തിയടഞ്ഞിരിക്കുന്നു. ഇതുകേട്ടപ്പോൾ നബിﷺതിരുമേനി മൗനം പാലിച്ചു. എന്നിട്ട് പറഞ്ഞു:ഇപ്പോൾ നരകവും സ്വർഗ്ഗവും ഈ ചുമരിന്മേൽ എന്റെ മുന്നിൽ പ്രദർശിപ്പിക്കപ്പെട്ടു.(സ്വർഗത്തെപ്പോലെ)അത്രയും നന്മനിറഞ്ഞതും നരകത്തെപോലെ അത്രയും വഷളായ കാഴ്ച ഒരിക്കലും ഞാൻ കണ്ടിട്ടേയില്ല.*(സ്വഹീഹുൽബുഖാരി കിതാബുൽമവാഖീത്ത് അസ്സ്വലാത്ത് ഹദീഥ് 540)*

ബുഖാരിയിൽ മറ്റൊരു നിവേദനം ഇപ്രകാരം വന്നിട്ടുണ്ട്. ഹദ്റത്ത് അബൂ മൂസയിൽനിന്നു നിവേദനം. അദ്ദേഹം പറയുന്നു: കുറെ കാര്യങ്ങളെക്കുറിച്ച് നബിﷺതിരുമേനിയോടു ചോദിക്കപ്പെട്ടു. നബിﷺതിരുമേനിക്ക് അത് ഇഷ്ടമായില്ല. ചോദ്യം വളരെ അധികമായപ്പോൾ നബിﷺതിരുമേനിക്കു കോപം വന്നു. എന്നിട്ട് ജനങ്ങളോടു പറഞ്ഞു: നിങ്ങൾക്കിഷ്ടമുള്ളതെല്ലാം ചോദിച്ചു കൊള്ളുക. അപ്പോൾ ഒരാൾ ചോദിച്ചു: 'എന്റെ പിതാവാരാണ്?' നബിﷺതിരുമേനി പറഞ്ഞു: നിന്റെ പിതാവ് ഹുദാഫത്താണ്. അപ്പോൾ വേറൊരാൾ എഴുന്നേറ്റുനിന്ന് ചോദിച്ചു: ദൈവദൂതരേ! എന്റെ പിതാവാരാണ്? നബിﷺതിരുമേനി പറഞ്ഞു: നിന്റെ പിതാവ് ശയ്ബ

ശേഷം പേജ് 7ൽ

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവ മാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിഅകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാല്യം 6 ലക്കം 48 പേജ് 12–ൽനിന്ന്)

### (റിപ്പോർട്ട് തുടർച്ച)
### ഹുദൂറിന്റെ പ്രഭാഷണം

തുടർന്ന് 07.25ന് ഹുദൂർ അൻവർ പ്രസംഗിച്ചു. തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ എന്നിവക്കു ശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ആദരണീയ അതിഥികളായ എല്ലാവർക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.

അല്ലാഹു നിങ്ങളെ എല്ലാവരേയും സുഖക്ഷേമത്തിൽ വെക്കുമാറാകട്ടെ. ഈ പട്ടണത്തിൽ ഒരു മസ്ജിദ് നിർമിക്കാൻ അവസരം ലഭിച്ചതുകൊണ്ടാണ് ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഇങ്ങനെയൊരു ആരാധനക്ക് വേണ്ടി മിസിജിദിൽ പോകുന്ന ഓരോ യഥാർഥ മുസ്‌ലിമിന്റെ മേൽ അർപ്പിതമായതും പ്രവർത്തിക്കേണ്ടതുമായ കാര്യമാണിത്. നമ്മുടെ നാഷണൽ അമീർ സാഹിബ് ഇവിടെ സൂചിപ്പിച്ചു. ഈ പട്ടണത്തിൽ അരുവികളുമുണ്ട്. ധാരാളമായി ജലസമ്പത്തുമുണ്ട്. ഒരുപക്ഷേ, നിങ്ങൾക്കും അതുപോലെ തന്നെ പുരോഗതി പ്രാപിച്ച രാജ്യങ്ങളിൽ ഉള്ളവർക്ക് ഏതു സമയവും തങ്ങളുടെ വീടുകളിൽ പൈപ്പ് തുറന്നാലുടൻ വെള്ളം കിട്ടുന്നു. ജലദൗർലഭ്യതയുള്ള രാജ്യങ്ങളിലെ അവസ്ഥ എന്താണെന്ന് നിങ്ങൾക്ക് ഊഹിക്കാൻ സാധിക്കില്ല. ആഫ്രിക്കയിൽ വളരെയധികം പ്രദേശങ്ങൾ ഏകദേശം 80 ശതമാനവും ഉൾപ്രദേശമാണ്. അവിടെ ജലം ലഭ്യമാക്കാനുള്ള സൗകര്യങ്ങളില്ല. ആറും ഏഴും വയസ്സുള്ള കുട്ടികൾ അഥവാ 10ഉം 12 ഉം വയസ്സുള്ള കുട്ടികൾ ചെറുതോ വലുതോ ആയ ബക്കറ്റുകളും തലയിലേന്തി 2ഉം 3ഉം കിലോമീറ്റർ യാത്ര ചെയ്ത് വെള്ളം കൊണ്ടു വരുന്നത്. ദിവസം മുഴുവനും ഇതേ പ്രവൃത്തിയിൽ കഴിഞ്ഞു പോകുന്നു. ഇതു കാരണത്താൽ വിദ്യാഭ്യാസവും ഇവർക്ക് നിഷേധിക്കപ്പെടുന്നു.

ഈ പട്ടണത്തിന്റെ മറ്റൊരു സവിശേഷത അമീർ സാഹിബ് പറഞ്ഞത് വിദ്യാഭ്യാസപരമായി വളരെ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നാണ്. ഇപ്പോൾ ഞാൻ സൂചിപ്പിച്ച ഇവർക്ക് ജലം നിഷേധിക്കപ്പെട്ടിരിക്കുന്നു വെന്നു മാത്രമല്ല, ഒരുപാട് കിലോമീറ്ററുകൾ യാത്ര ചെയ്ത് മലിനമായ കുളങ്ങളിൽ നിന്നു അത് കൊണ്ടു വരുന്നു. ഇതേ കുളത്തിൽനിന്നു തന്നെയാണ് മൃഗങ്ങളും വെള്ളം കുടിക്കുന്നത്. ഇതേ കുളത്തിൽ നിന്നു കുട്ടികൾകൊണ്ടു വരുന്ന വെള്ളമാണ് വീടുകളിൽ ഉപയോഗിക്കുന്നതും. ഇത്രയധികം ദൂരം പോകേണ്ടിവരുന്നതിനാലും ദാരിദ്ര്യം കൊണ്ടും വിദ്യാഭ്യാസം നേടാനും കഴിയുന്നില്ല. ഈ രാജ്യങ്ങളിൾ ജമാഅത്തുകൾ സ്ഥാപിതമായിട്ടുള്ള സ്ഥലങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് മസ്ജിദുകൾ ഉണ്ടാക്കുന്നതോടൊപ്പം വിദ്യാഭ്യാസത്തിനു വേണ്ടി സ്കൂളുകളും ഉണ്ടാക്കുന്നു. വെള്ളത്തിന്നു വേണ്ടി ഹാന്റ് പമ്പും സോളാർപമ്പും സ്ഥാപിക്കുന്നു. ഇവകളിൽനിന്നു ശുദ്ധജലം പുറത്തേക്ക് വരുമ്പോൾ ഞാൻ അധികവും പറയാറുള്ളതുപോലെ അവിടെയുള്ള കുട്ടികളുടേയും ജനങ്ങളുടേയും മുഖത്ത് വെളിപ്പെടുന്ന സന്തോഷം കാണുമ്പോൾ യൂറോപ്പിൽ പലമില്യൺ ലോട്ടറി അടിച്ച വ്യക്തിയുടേത് പോലെയെന്ന് തോന്നും. അഹ്മദിയ്യാ ജമാഅത്ത് മസ്ജിദ് നിർമിക്കുന്ന സ്ഥലങ്ങളിലെല്ലാം ഇത്തരത്തിലുള്ള സഹായങ്ങളും എത്തിക്കുന്നു. നൂറുക്കണക്കിന് സ്കൂളുകളും ഹോസ്പിറ്റലുകളും കുടിവെള്ളത്തിനുള്ള പ്രൊജക്ടുകളും മോഡൽവില്ലേജ് പ്രൊജക്ടുകൾ നമ്മുടേതായി ഉണ്ട്. നാം ചെയ്യുന്ന ഈ സേവനങ്ങൾ മുസ്‌ലിമീങ്ങൾക്കു മാത്രമല്ല, നമ്മുടെ ക്ലിനിക്കുകളിലും മറ്റും വരുന്നവരിൽ 80 ശതമാനവും അമുസ്‌ലിമീങ്ങളാണ്. ക്രിസ്ത്യാനികളോ പാഗനുകളോ ഇതര മതങ്ങളുമായി ബന്ധപ്പെട്ടവരോ ആണ്. ഒരു വിധ വിവേചനവുകാണിക്കാതെ നമ്മൾ ഈ സേവനം ചെയ്തു വരുന്നു. അവിടെയുള്ള പ്രാദേശിക അഹ്മദികൾ മസ്ജിദിൽ വരുമ്പോൾ ജനങ്ങളുടെ ശ്രദ്ധ അവരിലേക്ക് തിരിയുന്നു.എന്നാൽ, നമ്മുടെ ലക്ഷ്യം നിഷ്കളങ്കമായ സേവനമാണ്. സൃഷ്ടി സേവനത്തിന്റെ ഇവിടെ നടക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് ചില ആദരണീയ വ്യക്തികൾ തങ്ങളുടെ പ്രസംഗങ്ങളിൽ സൂചിപ്പിച്ചു. ചാരിറ്റി സംബന്ധമായ പ്രവർത്തനങ്ങൾ അഥവാ സൃഷ്ടിസേവന പ്രവർത്തനങ്ങളേക്കാൾ കൂടുതലായി ദരിദ്രരാജ്യങ്ങളിൽ നമ്മൾ ചെയ്തു വരുന്നുണ്ട്. നമ്മൾ എവിടെ ഉണ്ടെങ്കിലും സൃഷ്ടിസേവന പ്രവൃത്തികൾ ചെയ്യുക എന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ സവിശേഷതയാണ്. ഇനി ഈ മസ്ജിദ് നിർമിതമായതിന്നുശേഷം വർഷാരംഭത്തിലോ വിവിധ സമയങ്ങളിലോ ചെയ്യപ്പെടുന്ന ചാരിറ്റിയും സൃഷ്ടി സേവനവും മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ചെയ്യുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്. അല്ലാഹുവിനെ ആരാധിക്കുന്നതിൽ ശ്രദ്ധിക്കുന്നതിനോടൊപ്പം അവന്റെ സൃഷ്ടികളിലേക്കും ശ്രദ്ധ വെക്കണമെന്നതാണ് യഥാർഥ ഇസ്‌ലാം എന്ന് ജനങ്ങളോട് പറയുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. വിശുദ്ധ ഖുർആനിലെ ആദ്യ അധ്യായത്തിൽ നല്കപ്പെട്ടിരിക്കുന്ന പ്രഥമ മാർഗദർശനം സർവ്വ ലോകത്തേയും യഹൂദികളേയും ക്രിസ്ത്യാനികളേയും ഹിന്ദുക്കളേയും മുസ്‌ലിമീങ്ങളേയും പരിപാലിക്കുന്ന നാഥന് സ്തുതിയർപ്പിക്കുക എന്നാണ്. ഇതേ കാരണം കൊണ്ടാണ് ഇസ്‌ലാംമത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് നബി(സ) എന്നും മാനുഷിക മൂല്യങ്ങളെ മുന്നിൽ നിറുത്തിയത്. വിശുദ്ധ ഖുർആൻ അദ്ദേഹത്തെ സർവ്വ ലോകത്തിനും കാരുണ്യമെന്ന് വ്യക്തമാക്കിയത്. ഇസ്‌ലാം തീവ്രത ഇഷ്ടപ്പെടുന്നുവെന്നും അതിന്റെ അധ്യാപനമാണ് നല്കുന്നതെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ, തീവ്രസ്വഭാവത്തിനുള്ള അധ്യാപനമൊന്നും ഇസ്‌ലാം ഒരിക്കലും നല്കിയിട്ടില്ല. നമ്മൾ ചരിത്രത്തിലേക്ക് ദൃഷ്ടി പായിച്ചാൽ നീതിയോടെ ചരിത്രം ദർശിച്ചാൽ ഇസ്‌ലാം മതസ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് നബി (സ)ക്ക് മക്കയിലെ ആദ്യത്തെ 13 വർഷക്കാലം അതിരറ്റ ദ്രോഹവും മർദ്ദനവും സഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ, അദ്ദേഹം അതിന് ഒരു മറുപടിയും നല്കിയില്ല. പിന്നീട് ഈ ആക്രമണങ്ങൾ കാരണത്താലും അതിന്റെ മേൽ ക്ഷമ പുലർത്തിയ കാരണത്താലും അദ്ദേഹവും അനുചരന്മാരും അവിടെ നിന്നു പലായനം ചെയ്തു. മദീനയിൽ പോയപ്പോൾ അവിടേയും മക്കാ നിഷേധികൾ അവർക്ക് ശാന്തി സമാധാനത്തോടെ ജീവിക്കാൻ അനുവദിക്കാതിരിക്കുകയും കടന്നാക്രമണം നടത്തുകയും ചെയ്തു. മദീനയിൽ പലായനം ചെയ്തു കഴിഞ്ഞതിനു ശേഷമാണ് യുദ്ധം ചെയ്യാനോ അഥവാ ശക്തമായ മറുപടി നല്കാനോ ഉള്ള ആദ്യ കൽപന വിശുദ്ധ ഖുർആൻ നല്കിയത്. ഈ കൽപന വിശുദ്ധ ഖുർആനിലെ 22-ാം അധ്യായത്തിൽ രേഖപ്പെട്ടു കിടക്കുന്നു. ഇപ്പോൾ ഈ അതിക്രമകാരികൾക്ക് മറുപടി നല്കൽ അനിവാര്യമാണെന്നും കാരണം അവർക്ക് ഇനിയും മറുപടി നല്കപ്പെടാതിരുന്നാൽ ഇവർ മുസ്‌ലിമീങ്ങളെ മാത്രമല്ല അവസാനിപ്പിക്കാൻ നോക്കുന്നതെന്ന് വിശുദ്ധ ഖുർആനിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇവർ മതത്തിന്നെതിരാണ്. ഇവരുടെ ആക്രമണങ്ങൾ കാരണത്താൽ യഹൂദ പള്ളിയോ ചർച്ചോ അമ്പലമോ സുരക്ഷിതമായിരിക്കില്ല. ഈ കൽപനയിലൂടെ വിശുദ്ധ ഖുർആൻ മുസ്‌ലിമീങ്ങളോട് സ്വന്തം മസ്ജിദുകൾ മാത്രം സുരക്ഷിതമാക്കാനോ അഥവാ സ്വന്തം മതത്തെ സംരക്ഷിക്കാനോ അല്ല പറഞ്ഞത്. പ്രത്യുത, ഇവർ മതത്തിന്റെ ശത്രുവാണെന്നും ഒരു മതത്തിനേയും നിലനിൽക്കാൻ ഇവർ അനുവദിക്കില്ലെന്നും അതുകൊണ്ട് ഇവർക്ക് മറുപടി നൽകൽ അനിവാര്യമാണെന്നും വ്യക്തമാക്കി. തുടർന്ന് മുസ്‌ലിമീങ്ങൾ ഇവർക്കു മറുപടി നല്കുകയും ചെയ്തു. കാരണം ദൈവത്തിന്റെ സഹായം ഇവരോടൊപ്പമായിരുന്നു. അതുകൊണ്ട് വളരെയധികം ആയുധ സജ്ജരായാണ് മക്കാ സൈന്യം എത്തിയതെങ്കിലും വലുപ്പത്തിൽ ഇവരിൽനിന്നു ഏകദേശം മൂന്നിലൊന്ന് ചെറിയതു മാത്രമായിരുന്നിട്ടും ആയുധങ്ങളൊന്നും ഇല്ലാതിരുന്നിട്ടും മുസ്‌ലിമീങ്ങൾ യുദ്ധം ചെയ്തു വിജയം നേടി. ഇതാണ് മുസ്‌ലിമീങ്ങൾ ചെയ്ത ആദ്യ യുദ്ധം. ഈ യുദ്ധത്തിന്റെ പശ്ചാത്തലമാണിത്. വിശുദ്ധ ഖുർആൻ മുസ്‌ലിമീങ്ങൾക്ക് യുദ്ധം ചെയ്യാൻ അനുവാദം നല്കിയ കല്പനയാണിത്. എന്നാലിതിലും നോക്കുക, ഇസ്‌ലാംമത സ്ഥാപകർ മൃദുലമായാണ് ഇവരോട് പെരുമാറിയത്. യുദ്ധത്തിനുശേഷം കുറ്റവാളികൾ പിടിക്കപ്പെട്ടപ്പോൾ എഴുതാനും വായിക്കാനും അറിയാവുന്നവരെ സംബന്ധിച്ച് വിദ്യ നേടേണ്ടതും മനുഷ്യന് അനിവാര്യമാണെന്ന പരിഗണന വെച്ചു കൊണ്ട് മുസ്‌ലിമീങ്ങൾക്ക് എഴുതാനും വായിക്കാനും പഠിപ്പിക്കുന്ന നിഷേധികളായ യുദ്ധാടിമകളെ സ്വതന്ത്രമാക്കുമെന്ന് ആ മഹാത്മാവ് പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ ജീവനെടുക്കാൻ പുറപ്പെട്ട ശത്രുവിനോട് കേവലം മാനുഷിക മൂല്യങ്ങൾ നിലനിറുത്താൻ വേണ്ടിയും അറിവ് കരസ്ഥമാക്കിക്കൊണ്ട് സമൂഹത്തിൽ വിജ്ഞാന വ്യാപനം സാധ്യമാക്കാൻ വേണ്ടിയും തദ്വാര അജ്ഞതയുടെ വിപാടനം സാധ്യമാകാന് വേണ്ടിയുള്ള പരിധിവരെ ആ മഹാത്മാവ് നൈർമല്യം കാണിച്ചു.

ഇസ്‌ലാം മത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് നബി(സ)മക്കയിലായിരുന്നപ്പോൾ അവിടുത്തെ വലിയ വലിയ നേതാക്കന്മാർ ചേർന്ന് ദരിദ്രരെ സഹായിക്കാന് വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ മഹാത്മാവും ഒരു ഉന്നത കുടുംബത്തിലെ അംഗമായിരുന്നു. എന്നാലിതിന്നു ശേഷം അദ്ദേഹം നബിത്വ വാദം പുറപ്പെടുവിച്ചപ്പോൾ നിഷേധികളുടെ വലിയ വലിയ നേതാക്കന്മാർ എതിരാളികളായി മാറി. എങ്കിലും ദരിദ്രരെ സഹായിക്കാനുള്ള അദ്ദേഹത്തിന്റെ വികാരം വളരെ ഉദാത്തമായിരുന്നു. മദീനയിൽ എത്തിയതിന്നു ശേഷം ദരിദ്രരെ സഹായിക്കുന്നതിനെ കുറിച്ച് പരാമർശംമുണ്ടാവുകയും സഹായിക്കുന്ന പ്രവർത്തികളുടെ സംഘാടനം എങ്ങനെ നടത്താൻ കഴിയുമെന്നും ദരിദ്രരുടെ ക്ഷേമ പ്രവൃത്തികൾ എങ്ങനെ വേണമെന്ന് ചോദ്യങ്ങൾ ഉയരുകയും ചെയ്തപ്പോൾ ആ മഹാത്മാവ് പ്രസ്തുത ഉടമ്പടിയെ കുറിച്ച് സൂചിപ്പിച്ചു. ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നെന്നും ദരിദ്രരെ സഹായിക്കാറുണ്ടായിരുന്നുവെന്നും അവർ തന്റെ എതിരാളികളായിട്ടുണ്ടെങ്കിലും തനിക്ക് നബിത്വ പദവി ലഭിച്ചിട്ടുണ്ടെങ്കിലും മുസ്‌ലിമീങ്ങളിൽ വലിയൊരു വിഭാഗം തന്നെ അംഗീകരിക്കുന്നുണ്ടെങ്കിലും മദീനയിലെ ഭരണകൂടത്തിന്റെ തലവനാണെങ്കിലും അവർ തന്നെ വിളിച്ചാൽ- ഒരംഗമെന്ന നിലയിൽ ഭാരവാഹി എന്ന നിലയിലല്ല- ഇന്നും മനുഷ്യകുലത്തിനു വേണ്ടി സേവനം ചെയ്യാൻ അവരോടൊപ്പം ചേരാൻ തയ്യാറാണെന്നും ആ മഹാത്മാവ് വ്യക്തമാക്കി. ഇതായിരുന്നു ആ മഹാത്മാവിന്റെ സ്ഥാനം. അദ്ദേഹത്തിന്റെ നൈർമല്യത്തിന്റെ നില ഇതായിരുന്നു. ഈ പ്രദേശത്ത് ജനങ്ങളെ ഐക്യപ്പെടുത്തുന്ന പ്രവൃത്തി ആ മഹാത്മാവ് എങ്ങനെയാണ് നിർവഹിച്ചതെന്നും കാണേണ്ടതാണ്. ഐക്യപ്പെടൽ കാര്യങ്ങളെക്കുറിച്ച് നമ്മൾ ഇവിടെ ധാരാളമായി കേൾക്കാറുണ്ട്. യഥാർഥത്തിൽ ഐക്യപ്പെടൽ സംഭവിക്കുന്നത് ഇതരരുടെ വികാരങ്ങളെ കുറിച്ചുള്ള വിചാരം ഉണ്ടാകുമ്പോഴാണ്. ആ മഹാത്മാവ് ഒരിടത്ത് ഉപവിഷ്ഠനായിരുന്നു. ഒരു കുട്ടിയുടെ മൃതശരീരം അതു വഴി കൊണ്ടു പോയി. ഹദ്റത്ത് മുഹമ്മദു നബി(സ) എഴുന്നേറ്റുനിന്നു. അദ്ദേഹത്തിന്റെ അനുചരന്മാർ അവിടെത്തന്നെ ഇരിക്കുന്നുണ്ടായിരുന്നു. ഒരു യഹൂദ കുട്ടിയുടെ മൃതശരീരമാണെന്ന് അവർ അറിയിച്ചപ്പോൾ അതു മനുഷ്യനല്ലേ എന്നും അതുകൊണ്ടാണ് താൻ എഴുന്നേറ്റു നിന്നതെന്നും ആ മഹാത്മാവ് പ്രതികരിച്ചു.

മാനുഷിക മൂല്യങ്ങളെ മനസ്സിലാക്കണം. അപ്പോൾ മാത്രമേ ലോകത്ത് ശരിയായ സ്നേഹം വ്യാപിപ്പിക്കാൻ സാധിക്കുകയുള്ളൂ. സമൂഹത്തിൽ സ്നേഹം വ്യാപിപ്പിക്കാൻ സാധിക്കുകയുള്ളൂ. സമാധാനത്തിന്റേയും മൈത്രിയുടേയും അനുരഞ്ജനത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. ഇതായിരുന്നു ആ വികാരങ്ങൾ ഐക്യത്തെ കുറിച്ച് ധാരാളം കാര്യങ്ങൾ പറയപ്പെടുന്നു. വളരെ നല്ല കാര്യമാണ്. ഐക്യപ്പെടൽ എങ്ങനെയെന്ന കാര്യത്തെ കുറിച്ചും ഞാൻ പറയാറുണ്ട്. ഇവിടെ വന്നിട്ടുള്ള അഹ്മദികൾ ഭൂരിഭാഗവും വിവിധ രാജ്യങ്ങളിൽനിന്നു വിശിഷ്യാ പാക്കിസ്താനിൽനിന്നു പലായനം ചെയ്തു വന്നവരാണ്. ഇവർ ഈ പട്ടണത്തിന്റെ ഉന്നമനത്തിനു വേണ്ടി തങ്ങളുടെ സർവ്വ കഴിവുകളും ഉപയോഗിക്കേണ്ടതാണ്. ഇവിടെനിന്ന് വിദ്യാഭ്യാസം കരസ്ഥമാക്കി രാഷ്ട്രത്തിനുസേവനം ചെയ്യുക. ഇതൊക്കെയാണ് എന്റെ അഭിപ്രായത്തിൽ ഐക്യപ്പെടൽ. ഇവിടുത്തെ സമൂഹങ്ങൾക്കുവേണ്ടി സേവനം അർപ്പിക്കലും ക്ഷേമത്തിന്നു വേണ്ടി പ്രവർത്തിക്കലുമാണ്. സർക്കാരിനും കൗണ്സിലിനും ബാധ്യതയായി തീരുന്നതിനു പകരം കൂടുതലായി അവർക്ക് സേവനം ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഇതേ കാരണം കൊണ്ടുതന്നെ അഹ്മദിയ്യാ ജമാഅത്ത് സ്വന്തം അംഗങ്ങളോടു ഇതിനെ കുറിച്ച് ഊന്നി പറയാറുണ്ട്. കൂടുതൽക്കൂടുതലായി അറിവുകൾ കരസ്ഥമാക്കി ഈ നാടിനു വേണ്ടി സേവനം അർപ്പിക്കാൻ ശ്രമിക്കുക. ഇതു മുഖേന വ്യക്തിഗതമായ പ്രയോജനം ഉണ്ടാകുന്നതോടൊപ്പം രാഷ്ട്രത്തിനും ഫലമുണ്ടാകുന്നു.

അതുകൊണ്ട് നമ്മൾ ഇക്കാര്യത്തിൽ പ്രത്യേകം പ്രോത്സാഹനം നല്കുന്നു. ശാസ്ത്ര രംഗത്തും ഇതര വിജ്ഞാന ശാഖകളിലും നമ്മുടെ വിദ്യാർഥി വിദ്യാർഥിനികൾ മുന്നോട്ട് ഗമിക്കേണ്ടതാണ്. തദ്വാര ഏതു രാജ്യത്തിലാണോ, സമൂഹത്തിലാണോ നിങ്ങൾ വന്നിട്ടുള്ളത് അതിന്റെ സേവനവും സാധ്യമാകും. ഇവിടെ ജീവിക്കാൻ സ്ഥലം നല്കിക്കൊണ്ട് ഈ രാജ്യം ചെയ്തത് വളരെ വലിയ ഔദാര്യമാണ്. സ്വന്തം രാജ്യത്തിൽ സ്വാതന്ത്ര്യത്തോടെ ആരാധന നിർവഹിക്കാൻ സാധ്യമായില്ലെങ്കിൽ ഇവിടെ അത് സാധ്യമാണ്. നമുക്കുള്ള കഴിവുകളെ വിശ്വസ്ഥതയോടെ പൂർണമായും ഉപയോഗപ്പെടുത്താൻ ശ്രമിക്കുമ്പോഴാണ് ഔദാര്യത്തിന് ശരിക്കും നന്ദി പ്രകടിപ്പിക്കാൻ സാധിക്കുകയുള്ളൂ. രാജ്യത്തെ സേവിക്കുക. ഇതു തന്നെയാണ് യഥാർഥ ഐക്യപ്പെടൽ. ഈ ഒരു വിചാരം നിലനില്ക്കുവോളം ഇൻശാഅല്ലാഹ് അഹ്മദിയ്യാ ജമാഅത്തിന്റെ സൽപ്പേർ നിലനില്ക്കുമെന്നാണ് എന്റെ പ്രതീക്ഷ. അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദ് ഒരു തരത്തിലുള്ള കുഴപ്പങ്ങൾക്കും ഇടമായിരിക്കില്ലെന്ന് മാത്രമല്ല, ഈ മസ്ജിദ് നിർമിതമായതിന്നുശേഷം സേവന വികാരത്തിൽ കൂടുതൽ പുരോഗതി കൈവരിച്ചിരിക്കുന്നുവെന്ന് നിങ്ങൾക്ക് തോന്നുന്നതായിരിക്കും.

നമ്മുടെ ലോർഡ് മേയർ മസ്ജിദ് സ്ഥിതി ചെയ്യുന്ന ഈ പ്രദേശവാസിയാണെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. അദ്ദേഹം വളരെയധികം സ്തുതിക്കുകയും ചെയ്തു. അഹ്മദികൾ വളരെ ഐക്യപ്പെടുന്നവരാണെന്നും അദ്ദേഹം പറഞ്ഞു. ഇവിടെ വന്ന അദ്ദേഹത്തിന്റെ മറ്റു കൗൺസിൽ പ്രതിനിധികളും ഇക്കാര്യം സൂചിപ്പിച്ചു. ഇനി ഞാൻ അഹ്മദികളോടു പറയുന്നു, മുമ്പേ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ ഈ മസ്ജിദ് നിർമിതമായതിനുശേഷം ശേഷിയോടും ശേമുഷിയോടുംകൂടി ഈ പട്ടണ വാസികൾക്ക് സേവനം ചെയ്യുക. ഈ രാജ്യത്തിലെ ജനങ്ങൾക്കുവേണ്ടി സേവനം ചെയ്യുക. നമ്മൾ സമാധാനാന്തരീക്ഷത്തിൽ ജീവിക്കാനാഗ്രഹിക്കുന്നുവെന്ന് സ്ഥാപിതമാകേണ്ടതാണ്. മതം ഓരോരുത്തരുടേയും മനസ്സിന്റെ പ്രശ്നമാണ്. രണ്ടാം അധ്യായത്തിൽ വിശുദ്ധ ഖുർആൻ ഇക്കാര്യം വിശദമാക്കുന്നു. മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധവുമില്ലെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. താനിച്ഛിക്കുന്ന മതം തിരഞ്ഞെടുക്കുക എന്നത് ഓരോരുത്തരുടേയും ഇഷ്ടമാണ്. അതുകൊണ്ട് ആരെയെങ്കിലും നിർബന്ധിച്ച് മുസ്‌ലിമാക്കുന്നതിനെ സംബന്ധിച്ച് മുസ്‌ലിമീങ്ങളുടെ ഓർമയിൽപോലും വരാൻ പാടില്ല. അഥവാ ഒരു അമുസ്‌ലിമിനുവേണ്ടിയും അവന്റെ മനസ്സിൽ വികാരങ്ങളുണ്ടാകരുത്. അടിസ്ഥാന കാര്യം മാനുഷികമായ മൂല്യങ്ങളാണ്. മാനുഷിക മൂല്യങ്ങളെ നമ്മൾ സംരക്ഷിച്ചാൽ സമൂഹത്തിൽ സമാധാനം സ്ഥിരപ്രതിഷ്ഠ നേടും. എന്റേയോ നിങ്ങളുടേയോ മതമേതെന്ന് നോക്കരുത്. ഇതുതന്നെയാണ് കാലഘട്ടത്തിന്റെ ആവശ്യം. സയ്ദിന്റേയോ ബക്റിന്റേയോ മതമേതെന്നതിന്നു പകരം നമ്മൾ മനുഷ്യരാണെന്ന കാര്യം നോക്കേണ്ടതാണ്. സമസ്ത ലോകത്തേയും പരിപാലിക്കുന്നവനാണ് ദൈവമെന്ന് വിശുദ്ധ ഖുർആനിലെ പ്രാരംഭ അധ്യായത്തിൽതന്നെ വ്യക്തമാക്കപ്പെട്ടതായി ഞാൻ സൂചിപ്പിച്ചിരുന്നു. അവൻ യഹൂദികളുടേയും ദൈവമാണ്. ക്രൈസ്തവരുടേയും ഹൈന്ദവരുടേയും ദൈവമാണ്. മുസ്‌ലിമീങ്ങളുടേയും ദൈവമാണ്. അവൻ എല്ലാ ഓരോരുത്തരോടും കാരുണ്യത്തോടെ പെരുമാറുന്നവനാണ്. മാത്രമല്ല, മതത്തേയും ദൈവത്തേയും ആദരിക്കാത്തവരുടേയും അവൻ ദൈവമാണ്. അവരേയും അവൻ പരിപാലിക്കുന്നു. ശേഷിക്കുന്നത് മതമനുസരിച്ച് പ്രവർത്തിക്കാതിരിക്കുക, ദൈവത്തെ അംഗീകരിക്കാതിരിക്കുക, മതപരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാതിരക്കുകയ, ദൈവത്തിന്നെതിരിൽ മറ്റാരെയെങ്കിലും സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങളുടെ ശിക്ഷയുമായി ബന്ധപ്പെട്ടതാണ്. നമ്മൾ മനസ്സിലാക്കുന്നത് ഇത് അടുത്ത ലോകത്താണെന്നാണ്. അതായത് അടുത്ത ജീവിതത്തിൽ; ഇഹലോകത്തല്ല; ഈ ജീവിതത്തിലല്ല. ഈ ലോകത്തും അല്ലാഹു നമുക്ക് ഇതേ കല്പനയാണ് നല്കിയിരിക്കുന്നത്. എല്ലാ ഓരോരുത്തരോടും അനുകമ്പയോടും സ്നേഹത്തോടുംകൂടി പെരുമാറുക. എന്നല്ല, മതത്തെ സംബന്ധിച്ച് സമാധാനം നിലനിറുത്താനും സ്നേഹത്തിന്റെ അന്തരീക്ഷം നിലനിറുത്താനും വേണ്ടി ആരുടേയും ബിംബങ്ങളെ പോലും മോശമായി ഒന്നും പറയരുതെന്നുവരെ വിശുദ്ധ ഖുർആനിൽ നിഷ്കർഷിച്ചിരിക്കുന്നു. കാരണം, ഇതിന്നെതിരിൽ അവർ നിങ്ങളുടെ ദൈവത്തെ കുറിച്ചും മോശമായി സംസാരിക്കും. തുടർന്ന് പരസ്പരം ആരോപണ പ്രത്യാരോപണങ്ങളുടെ ഒരു തുടർച്ച തന്നെ രൂപപ്പെടും. തന്മൂലം സ്നേഹത്തിന്റേയും സമാധാനത്തിന്റേയും അന്തരീക്ഷം നിലനില്ക്കുകയില്ല. അതുകൊണ്ട് വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളിലേക്ക് നോക്കുകയാണെങ്കിൽ എല്ലാ സ്ഥലത്തും അയവിന്റെ അധ്യാപനം കാണാം. അതനുസരിച്ച് നമ്മൾ പ്രവർത്തിക്കേണ്ടതാണ്. ഇതു തന്നെയാണ് അഹ്മദിയ്യാ ജമാഅത്തിന്റേയും അധ്യാപനം. ഇതേ അധ്യാപനമാണ് ഇസ്‌ലാമിന്റേതെന്ന നിലയിൽ നമ്മൾ ലോകത്ത് പ്രചരിപ്പിക്കുന്നത്. ഇതേ അധ്യാപനമനുസരിച്ചാണ് നമ്മൾ പ്രവർത്തിക്കാൻ ശ്രമിക്കുന്നത്. ഞാൻ സൂചിപ്പിച്ചതുപോലെ ഇവിടെ താമസിക്കുന്ന അഹ്മദികൾ മസ്ജിദ് നിർമാണത്തിനുശേഷം മുമ്പേയുളളതിനെക്കാൾ കൂടുതൽ ഈ അധ്യാപനമനുസരിച്ച് പ്രവൃത്തിക്കാൻ ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രദേശത്ത്, ഈ പട്ടണത്തിൽ, ഇസ്‌ലാമിന്റെ സ്നേഹാനുകമ്പയുടെ അധ്യാപനമനുസരിച്ച് മുമ്പേയുളളതിനെക്കാൾ കൂടുതൽ തങ്ങളുടെ സ്നേഹിതരോടുള്ള പെരുമാറ്റത്തിൽ ഉയർച്ച കാണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു ഇതിന് അവസരം നല്കട്ടെ എന്ന് ഞാൻ പ്രാർഥിക്കുകയും ചെയ്യുന്നു. നന്ദി.

ഹുദൂർ അൻവറിന്റെ ഈ പ്രഭാഷണം 07.55 വരെ നീണ്ടുനിന്നു. തുടർന്ന് ഹുദൂർ ദുആക്ക് നേതൃത്വം നല്കി. അതിനുശേഷം അതിഥികളെല്ലാവരും ഹുദൂറിന്നൊപ്പം ഭക്ഷണം കഴിച്ചു. ചില അതിഥികൾ ഓരോരുത്തരായി ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഹുദൂറിൽ നിന്നു ഹസ്തദാനം സ്വീകരിച്ചു. ഹുദൂർ അവരുമായി സംസാരിച്ചു. ഫോട്ടോകളുമെടുത്തു. (തുടരും)

പേജ് 5 ൽ നിന്ന്

ത്തിന്റെ മോചിതനായ അടിമ സാലിമാണ്. അവസാനം നബിﷺതിരുമേനിയുടെ മുഖത്ത് പ്രത്യക്ഷപ്പെട്ട കോപം കണ്ടിട്ട് ഹദ്റത്ത് ഉമർ رضی اللہ عنہ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നു. *(സ്വഹീഹുൽബുഖാരി കിതാബുൽഇൽമ് ഹദീഥ് 92)*

ബുഖാരിയിൽതന്നെയുള്ള മറ്റൊരു നിവേദനം ഇപ്രകാരമാണ്. സുഹ്‌രി നിവേദനം. ഹദ്റത്ത് അനസ് ബിൻ മാലിക് എന്നോട് ഇങ്ങനെ പറഞ്ഞു: നബിﷺതിരുമേനി പുറത്തേക്കിറങ്ങിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുദാഫ رضی اللہ عنہ മുന്നോട്ടു വരികയും, അല്ലാഹുവിന്റെ ദൂതരേ! എന്റെ പിതാവാരാണെന്ന് ചോദിക്കുകയും ചെയ്തു. നബിﷺതിരുമേനി പറഞ്ഞു: നിന്റെ പിതാവ് ഹുദാഫത്താണ്. പിന്നീട് നിങ്ങൾ ചോദിച്ചുകൊള്ളുക എന്നു പറയത്തക്കവിധം ചോദ്യങ്ങൾ വർധിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ رضی اللہ عنہ മുട്ടുകുത്തികൊണ്ട് പറഞ്ഞു: അല്ലാഹുവിനെ ഞങ്ങളുടെ റബ്ബായും ഇസ്‌ലാമിനെ ഞങ്ങളുടെ മതംമായും മുഹമ്മദിനെ ഞങ്ങളുടെ നബിയായും ഞങ്ങളിതാ തൃപ്തിപ്പെട്ടിരിക്കുന്നു. എന്നിട്ട് അദ്ദേഹം നിശബ്ദനായി. *(സ്വഹീഹുൽബുഖാരി കിതാബുൽഇൽമ് ഹദീഥ് 93)*

ഹദ്റത്ത അബൂഖത്താദ അൻസ്വാരി رضی اللہ عنہ യിൽ നിന്ന് നിവേദനം. നബിﷺതിരുമേനിയുടെ നോമ്പിനെ കുറിച്ച് ചോദിക്കപ്പെട്ടു. നിവേദകൻ പറയുന്നു: നബിﷺതിരുമേനി അതുകേട്ട് നീരസപ്പെട്ടു. അപ്പോൾ ഹദ്റത്ത് ഉമർ رضی اللہ عنہ പറഞ്ഞു: 'അല്ലാഹുവിനെ ഞങ്ങളുടെ നാഥനെന്ന നിലയിലും ഇസ്‌ലാമിനെ ഞങ്ങളുടെ മതമെന്ന നിലയിലും മുഹമ്മദിനെ ഞങ്ങളുടെ നബിയെന്ന നിലയിലും ഞങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നു. നബിﷺതിരുമേനി മൗനം പാലിച്ചു. അതുപോലെ ഞങ്ങളുടെ ബയ്അത്ത് യഥാർഥമാണെന്ന നിലയിലും ഞങ്ങൾ തൃപതരാണ്.*(സ്വഹീഹ് മുസ്‌ലിം കിതാബുസ്സ്വിയാം ഹദീഥ് 2747)*

സ്വഹീഹ് ബുഖാരിയിൽ മറ്റൊരു നിവേദനമുണ്ട്. ഹദ്റത്ത് ഉമർ رضی اللہ عنہ ഒരിക്കൽ നബിﷺ തിരുമേനി യുടെ അടുത്തുവന്നു. ആ സമയത്ത് നബിﷺതിരുമേനി വീടിന്റെ മേൽത്തട്ടിൽ താമസിക്കുകയായിരുന്നു. ഹദ്റത്ത് ഉമർ رضی اللہ عنہ വിവരിക്കുന്നു:'ഞാൻ നബിﷺതിരുമേനിയുടെ അടുത്തു പോയപ്പോൾ നബിﷺതിരുമേനി ഒരു പായയിൽ കിടക്കുന്നതാണ് കണ്ടത്. പായയൽ ഒന്നും വിരിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ നബിﷺതിരുമേനിയുടെ ഇരുവശത്തും പായയുടെ അടയാളമുണ്ടായിരുന്നു. ഒരു തോലിന്റെ തലയിണയിൽ ചാരി ഇരിക്കുകയായിരുന്നു. അതിനുള്ളിൽ ഈന്തപ്പന തോലുകൾ നിറച്ചിരുന്നു. ഞാൻ നബിﷺതിരുമേനിയുടെ വീട്ടിലേക്ക് എത്തി നോക്കി. അല്ലാഹുവാണ! മൂന്നു ഉണങ്ങാത്ത തോലുകൾ കൂടാതെ അവിടെ എനിക്കൊന്നും കാണാനായില്ല. ഞാൻ നബിﷺതിരുമേനിയോട് പറഞ്ഞു: അങ്ങയുടെ ഉമ്മത്തിന് സമൃദ്ധി ഉണ്ടാകാൻ അല്ലാഹുവിനോട് ദുആ ചെയ്യുക. കാരണം പേർഷ്യക്കും റോമക്കും ഒരുപാട് സമ്പൽ സമൃദ്ധിയുണ്ട്. അവർക്ക് എല്ലാ ഭൗതിക സംവിധാനങ്ങളുമുണ്ട്. എന്നാൽ, അവർ അല്ലാഹുവിനെ ആരാധിക്കുന്നില്ല. നബിﷺതിരുമേനി തലയിണ ചാരി ഇരിക്കുകയായിരുന്നു. ഉമറിനോട് പറഞ്ഞു: 'ഖത്ത്വാബിന്റെ മകനേ!

നീ ഇപ്പോഴും സംശയത്തിലാണോ ഉള്ളത്. അക്കൂട്ടർക്ക് ഈ ലോകത്തു മാത്രം പെട്ടെന്നുതന്നെ എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരിക്കുന്നു.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എന്റെ പാപപ്പൊറുതിക്കായി ദുആ ചെയ്താലും.'*(സ്വഹീഹുൽബുഖാരി, കിതാബുൽ മളാലിം, ഹദീഥ് 2468)*

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: ഒരിക്കൽ നബിﷺ തിരുമേനിയുടെ വീട്ടിൽ ഹദ്റത്ത് ഉമർؓ പോയി. അവിടെ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. നബിﷺ തിരുമേനി ഒരു പായയിൽ കിടക്കുകയായിരുന്നു. അവിടത്തെ ദേഹമാസകലം പായയുടെ അടയാളം ഉണ്ടായിരുന്നു. അതുകണ്ടു ഉമറിന് കരച്ചിൽ വന്നു.നബിﷺ തിരുമേനി ചോദിച്ചു ഉമറേ! താങ്കളെന്തിനാണ് കരയുന്നത്? ഹദ്റത്ത് ഉമർ പറഞ്ഞു: 'അങ്ങയുടെ കഷ്ടപ്പാടു കണ്ട് എനിക്ക് കരച്ചിൽ വന്നതാണ്. സീസറും ഖുസ്റോവും കാഫിറായിട്ടുകൂടി സുഖലോലുപരായി ജീവിക്കുന്നു. എന്നാൽ, അങ്ങ് വളരെ കഷ്ടതയോടെയാണ് ജീവിക്കുന്നത്.' അപ്പോൾ നബിﷺ തിരുമേനി പറഞ്ഞു: ഈ ലോകവുമായി എനിക്കെന്ത് ബന്ധം? എന്റെ ഉദാഹരണം ഒരു യാത്രക്കാരന്റേതാണ്. അയാൾ അത്യുഷ്ണ സമയത്ത് തന്റെ ഒട്ടകപ്പുറത്ത് അയാൾ സഞ്ചരിക്കവേ ഉച്ച വെയിലിന്റെ കാഠിന്യം സഹിക്കവയ്യാതെ അതിൽ നിന്നു അൽപം ശമനം ലഭിക്കാനായി ഒരു മരച്ചുവട്ടിലേക്ക് മാറി നിൽക്കുകയും ഏതാനും നിമിഷങ്ങൾ കഴിഞ്ഞ് ആ ചൂടിൽത്തന്നെ യാത്ര തുടരുകയും ചെയ്യുന്നു.'*(ചശ്മയെ മഅ്‌രിഫത്ത്, റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 299-300)*

ഹദ്റത്ത് ഉമർؓ നോട് തനിക്കുവേണ്ടി ദുആ ചെയ്യണമെന്ന് നബിﷺ തിരുമേനി പറഞ്ഞ ഒരു സംഭവമുണ്ട്. ഹദ്റത്ത് ഉമർؓ പറയുന്നു: ഞാൻ നബിﷺ തിരുമേനിയോട് ഉംറ ചെയ്യാനുള്ള അനുവാദം തേടി. അപ്പോൾ നബിﷺ തിരുമേനി അതിനുള്ള അനുമതി നൽകി. എന്നിട്ട് പറഞ്ഞു:'ലാ തൻസനാ യാ ഉഖയ്യ മിൻ ദുആഇക്ക എന്റെ സഹോദരാ! താങ്കളുടെ ദുആയിൽ നമ്മെ ഉൾപെടുത്താൻ മറന്നു പോകരുത്.' ഹദ്റത്ത് ഉമർ പറയുന്നു: 'ഈ വചനം എന്നെ സംബന്ധിച്ചിടത്തോളം എത്രത്തോളം വിലമതിച്ചതാണെന്നാൽ അതിന് പകരം ലോകം മുഴുവനും എനിക്കു തന്നാലും എനിക്കു അത്രത്തോളം സന്തോഷം ലഭിക്കുകയില്ല.' മറ്റൊരു നിവേദനത്തിൽ ഈ വചനങ്ങളാണ് വന്നിട്ടുള്ളത്. അശ്‌രിക്നാ യാ ഉഖയ്യ ഫീ ദുആഇക്ക. അതായത് എന്റെ സഹോദരാ! നമ്മെ താങ്കളുടെ ദുആയിൽ ഉൾപെടുത്തണം.'*(സുനൻ അബൂദാവൂദ് കിതാബുൽവിത്ർ, ഹദീഥ് 1498)*

ഹദ്റത്ത് ഉമർؓ ന് നബിﷺ തിരുമേനിയോട് എത്രമാത്രം സ്നേഹബന്ധമായിരുന്നു എന്നതിലേക്ക് സൂചന ലഭിക്കുന്ന ഒരു സംഭവം ഇപ്രകാരം വന്നിട്ടുണ്ട്. അതു മുമ്പേയും ഒരു ഖുത്ബയിൽ വിവരിച്ചതാണ്. അതു സംബന്ധമായി ഹദ്റത്ത് ആഇശؓ യുടെ നിവേദനം. നബിﷺ തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് ഉമർؓ ആളുകളുടെ ഇടയിൽ വന്നു ഇപ്രകാരം പറയാൻ തുടങ്ങി. അല്ലാഹുവാണ! നബിﷺ തിരുമേനി വഫാത്തായിട്ടില്ല.' ഹദ്റത്ത് ആഇശؓ പറയുന്നു: 'ഹദ്റത്ത് ഉമർؓ ഇപ്രകാരം പറയുമായിരുന്നു. അല്ലാഹുവാണ! എന്റെ മനസ്സിൽ അങ്ങനെ തന്നെയാണ് തോന്നിയിരുന്നത്. നബിﷺ തിരുമേനിയെ അല്ലാഹു നിശ്ചയമായും ഉയർത്തെഴുന്നേൽപ്പിക്കുമെന്നും ചില ആളുകളുടെ കൈകാലുകൾ നബിﷺ തിരുമേനി വെട്ടിമാറ്റുന്നതാണെന്നും അദ്ദേഹം പറയുകയുണ്ടായി. പിന്നീട് ഹദ്റത്ത് അബൂബക്ർ വന്ന് സൂറ ആലുഇംറാനിലെ 145-ാമത്തെ വചനമോതി, ഹദ്റത്ത് ഉമറിനോട് യാഥാർഥ്യം അംഗീകരിക്കാൻ പറഞ്ഞു. അങ്ങനെ ആ പ്രശ്നം അവസാനിച്ചു.' *(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ), ഹദീഥ് നമ്പർ 3667-3668)*

ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ പറയുന്നു: നബിﷺ തിരുമേനി വഫാത്തായപ്പോൾ സ്വഹാബാക്കൾക്കിടയിൽ ഇജ്മാഅ് ഉണ്ടായത് എല്ലാ പ്രവാചകന്മാരും വഫാത്തായി എന്ന കാര്യത്തിലായിരുന്നു. അതിനു കാരണം ഇതായിരുന്നു. നബിﷺ തിരുമേനി വഫാത്തായപ്പോൾ നബിതിരുമേനി ജീവിച്ചിരുപ്പുണ്ടെന്നും വീണ്ടും തങ്ങൾക്കിടയിൽ വരുന്നതാണെന്നുമാണ് ഹദ്റത്ത് ഉമർ കരുതിയത്. അതുപോലെ ആ വിശ്വാസത്തിൽ ഹദ്റത്ത് ഉമർ എത്രത്തോളം അടിയുറച്ച് വിശ്വസിച്ചിരുന്നു വെന്നാൽ അതിനെ എതിർത്ത് പറയുന്നവരുടെ തല താൻ കൊയ്യുന്നതാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു. ആ നേരത്ത് ഹദ്റത്ത് സിദ്ദീഖ് അങ്ങോട്ട് വന്നു. എല്ലാ സ്വഹാബാക്കളുടെയും മുമ്പാകെ വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ് ഖലത്ത് മിൻഖബ്‌ലിഹിർറുസുൽ എന്ന ആയത്ത് ഓതിക്കേൾപ്പിച്ചു. ഹദ്റത്ത് ഉമർؓ പറയുന്നു. അതുകേട്ട് എന്റെ കാലുകളിൽ തരിപ്പ് അനുഭവപ്പെട്ടു. ആ ആഘാതം സഹിക്കവയ്യാതെ ഞാൻ നിലത്തേക്കു വീണു. അതുപോലെ സ്വഹാബാക്കൾ പറയുന്നു: ആ നേരത്ത് അന്നാണ് ആ ആയത്തിറങ്ങിയതെന്നാണ് ഞങ്ങൾക്കു തോന്നിയത്. ഞങ്ങൾ ആ ആയത്ത് ചൊല്ലി ചന്തകളിലൂടെ നടക്കുമായിരുന്നു. അതുകൊണ്ടുതന്നെ ഏതെങ്കിലും ഒരു നബി ജീവിച്ചിരുന്നെങ്കിൽ ഈ പ്രമാണം ശരിയാകുമായിരുന്നില്ല. എല്ലാ നബിമാരും വഫാത്തായെങ്കിൽ എന്തുകൊണ്ട് നബിﷺ തിരുമേനിയും വഫാത്തായിക്കൂട എന്ന പ്രമാണമായിരുന്നു അവിടെ സ്വീകരിക്കപ്പെട്ടത്. എന്നാൽ, ആ നേരത്ത് ഹദ്റത്ത് അബൂബക്റിനോട് ഹദ്റത്ത് ഉമർ ഇപ്രകാരം പറഞ്ഞതുമില്ല. അതായത് എന്തിനാണ് താങ്കൾ ജനങ്ങളെ കബളിപ്പിക്കുന്നത്. ഹദ്റത്ത് മിശിഹാ ഇപ്പോഴും ജീവനോടെ ആകാശത്തിരിപ്പുണ്ട്. അദ്ദേഹം ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്തുകൊണ്ട് നമ്മുടെ നബിﷺക്ക് ജീവിച്ചിരുന്നുകൂടാ. അതുപോലെ ആ നേരത്ത് എല്ലാ സ്വഹാബാക്കളും മൗനം അവലംബിച്ചത് ഹദ്റത്ത് ഈസാമസീഹ് വഫാത്തായി എന്ന് അവരെല്ലാവരും വിശ്വസിച്ചിരുന്നതുകൊണ്ടാണ്.*(തുഹ്ഫത്തുൽമുലൂക്, അൻവാറുൽഉലൂം വാല്യം 2, പേജ് 128)*

ഇതേ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്ؑ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇതും ഞാൻ മുമ്പേയൊരു ഖുത്ബയിൽ പ്രതിപാദിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

ഹദ്റത്ത് ഉമർؓ എപ്രകരമായിരുന്നു നബിﷺ തിരുമേനിയെ പിന്തുടർന്നിരുന്നത് എന്നതിനെ കുറിച്ചൊരു നിവേദനമുണ്ട്. ഹദ്റത്ത് ഇബ്നു ഉമർؓ വിവരിക്കുന്നു: നബിﷺ തിരുമേനി ഹജറെഅസ് വദിലേക്ക് മുഖം തിരിക്കുകയും അതിനുമേൽ ഒരുപാട് സമയം ചുണ്ടുകൾ അമർത്തിക്കരയുകയും ചെയ്തു. നബിﷺ തിരുമേനി തിരിഞ്ഞു നോക്കിയപ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബും കരയുന്നതായി കണ്ടു. അപ്പോൾ നബിﷺ തിരുമേനി പറഞ്ഞു: 'ഉമറേ! ഇതു കണ്ണീർ വാർക്കുന്ന സ്ഥലമാണ്. *(സുനൻ ഇബ്നു മാജ, കിതാബുൽമനാസിക്, ഹദീഥ് 2945)*

ഹദ്റത്ത് ഉമർؓ ൽ നിന്ന് ആബിസ് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞാൻ ഹജ്റെ അസ് വദിന്റെ അടുത്തുവന്ന് അതിനെ മുത്തി. എന്നിട്ട് പറഞ്ഞു: എനിക്കു നന്നായി അറിയാം. നീ ഒരു കല്ലു മാത്രമാണെന്ന്. നിനക്ക് ആർക്കെങ്കിലും വല്ല നഷ്ടം വരുത്തിവെക്കാനോ എന്തെങ്കിലും അപകടം വരുത്തിവെക്കാനോ സാധിക്കുകയില്ല. നബിﷺ തിരുമേനി നിന്നെ മുത്തിയത് ഞാൻ കണ്ടില്ലായിരുന്നെങ്കിൽ ഒരിക്കലും നിന്നെ മുത്തുമായിരുന്നില്ല. *(സ്വഹീഹുൽബുഖാരി, കിതാബുൽ ഹജ്ജ്, ഹദീഥ് 1597)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ പറയുന്നു: ഒരിക്കൽ ഹദ്റത്ത് ഉമർؓ ത്വവാഫ് ചെയ്യുകയായിരുന്നു. അദ്ദേഹം ഹജ്റെ അസ്‌വദിന്റെ അടുത്തുകൂടി കടന്നുപോയി. അദ്ദേഹം തന്റെ ഊന്നുവടികൊണ്ട് അതിനെ തൊട്ടു. എന്നിട്ടു പറഞ്ഞു: 'നീ വെറുമൊരു കല്ലാണെന്ന് എനിക്കറിയാം. നിനക്കൊരു ശക്തിയുമില്ല. അല്ലാഹുവിന്റെ കല്പന കാരണമാണ് ഞാൻ നിന്നെ മുത്തുന്നത്. ലോകത്ത് തലയെടുപ്പോടെ മികച്ചു നിൽക്കുന്ന തൗഹീദ് എന്ന ആശയം ആയിരുന്നു അതിനുപിന്നിൽ. അദ്ദേഹം ഏകനായ അല്ലാഹുവിന്റെ ഏകത്വത്തിൽ പൂർണമായും അനുരക്തനായിരുന്നു. അവന്റെ ശക്തികളിൽ മറ്റാരെയും പങ്കാളികളാക്കുന്നത് അദ്ദേഹത്തിന് സഹിച്ചുകൂടായിരുന്നു. അതായത് അല്ലാഹുവിന്റെ ശക്തിയിൽ ആർക്കും പങ്കില്ല. നിശ്ചയമായും ഹജ്റെ അസ്‌വദിനെ അദ്ദേഹം വേണ്ടവിധം ആദരിച്ചിരുന്നു. എന്നാൽ, അത് അല്ലാഹുവിന്റെ കൽപന ഉള്ളതുകൊണ്ടായിരുന്നു. അല്ലാതെ ഹജ്റെ അസ്‌വദിന് എന്തെങ്കിലും സവിശേഷത ഉണ്ടായിരുന്ന കാരണത്താലായിരുന്നില്ല. അല്ലാഹു ഞങ്ങളോട് ഏതെങ്കിലും നിസ്സാരമായ വസ്തുവിനെയും മുത്താൻ കൽപിച്ചാൽ ഞങ്ങൾ അതിന് തയ്യാറാകുമായിരുന്നു. കാരണം ഞങ്ങൾ ദൈവദാസരാണ്. ഏതെങ്കിലും കല്ലിന്റേയോ കെട്ടിടത്തിന്റേയോ ദാസന്മാരല്ല. അതുകൊണ്ടു തന്നെ അദ്ദേഹം വേണ്ട മര്യാദ കാണിച്ചിരുന്നെങ്കിലും തൗഹീദിനെ അവഗണിച്ചിരുന്നില്ല. അതു തന്നെയാണ് ഒരു വിശ്വാസിയുടെ സവിശേഷതയും. ഒരു സത്യവിശ്വാസി കഅ്ബയെ ലോകത്ത് നിലവിലുള്ള കാലുകൊണ്ട് തീർത്ത അനേകായിരം ഭവനങ്ങളിൽ ഒന്നായി തന്നെയാണ് അതിനെയും കരുതിയുന്നത്. ഒരു സത്യവിശ്വാസി ലോകത്തുള്ള കോടാനുകോടി കല്ലുകളിലൊന്നായി മാത്രമാണ് ഹജ്റെ അസ്‌വദിനെയും കണക്കാക്കുന്നത്. എന്നാൽ, അവർ ബയ്ത്തുല്ലായെ ആദരിക്കുകയും ഹജ്റെ അസ്‌വദിനെ മുത്തുകയും ചെയ്യുന്നു. കാരണം തങ്ങളുടെ നാഥൻ ആ വസ്തുക്കളെ ബഹുമാനിക്കാൻ കൽപിച്ചിട്ടുണ്ടന്ന് അവർക്കു നന്നായി അറിയാം. എന്നാൽ, ആ സ്ഥലത്തെ ആദരിക്കുകയും ഹജ്റെ അസ്‌വദിനെ മുത്തുകയും ചെയ്തിട്ടുകൂടി അവർ തങ്ങളെ ഏകനായ ദൈവത്തിന്റെ ദാസന്മാരായി തന്നെയാണ് അടിയുറച്ച് വിശ്വസിക്കുന്നത്.

അല്ലാതെ ഏതെങ്കിലും കല്ലിന്റെ ദാസന്മാരായി അവർ തങ്ങളെ കണക്കാക്കിയിട്ടില്ല. ഈ യാഥാർഥ്യം തന്നെയാണ് ഹദ്റത്ത് ഉമർ ؓ വെളിപ്പെടുത്തിയത്. അദ്ദേഹം ഹജ്റെ അസ്‌വദിനെ ഊന്നുവടികൊണ്ട് അടിക്കുകയും നിനക്ക് താനൊരു വിലയും കല്പിക്കുന്നില്ലെന്നും ലോകത്തുള്ള മറ്റു കോടാനുകോടി കല്ലുകളിലൊന്നായി മാത്രം നിന്നെ കാണുന്നുവെന്നും നിന്നെ ആദരിക്കാൻ വേണ്ടി എന്റെ നാഥൻ കല്പിച്ചതിനാലാണ് ഞാൻ അങ്ങനെ ചെയ്യുന്നതെന്നും പറഞ്ഞ് അദ്ദേഹം മുന്നോട്ടുനീങ്ങി ആ കല്ലിനെ മുത്തി.'*(തഫ്സീറെ കബീർ, വാല്യം 10, പേജ് 130)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ ؓ പറയുന്നു:'നബി ﷺ തിരുമേനിയോടു ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് ؓ ഇപ്രകാരം ചോദിച്ചു: 'അങ്ങ് ത്വാഇഫിൽനിന്നു മടങ്ങിയശേഷം ജിഅ്‌റാനയിൽ ആയിരുന്നപ്പോൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞാൻ ജാഹിലിയ്യാ കാലഘട്ടത്തിൽ മസ്ജിദ് ഹറമിൽ ഒരു ദിവസം ഇഅ്തികാഫ് ചെയ്യുമെന്ന് നേർച്ച നേർന്നിട്ടുണ്ടായിരുന്നു. അതെ കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?' നബി ﷺ തിരുമേനി പറഞ്ഞു: 'അവിടെ പോയി ഇഅ്തികാഫ് ഇരുന്നുകൊള്ളുക.' അതായത് ഏതു കാലഘട്ടത്തിലായാലും അത്തരത്തിലുള്ള നേർച്ചകൾ എന്തായാലും പൂർത്തിയാക്കേണ്ടതുണ്ടെന്ന പാഠമാണ് നബി ﷺ തിരുമേനി നൽകിയത്. തുടർന്ന് നിവേദകൻ പറയുന്നു. ഒരിക്കൽ നബി ﷺ തിരുമേനി അദ്ദേഹത്തിന് യുദ്ധമുതലിൽനിന്നു ഒരു പെൺകുട്ടിയെ നൽകി. നബി ﷺ തിരുമേനി ആളുകളുടെ തടവുകാരെ മോചിപ്പികകുയും ഹദ്റത്ത് ഉമർ അവരുടെ ശബ്ദം കേൾക്കുകയും ചെയ്തപ്പോൾ-നബി ﷺ തിരുമേനി തങ്ങളെ സ്വാതന്ത്ര്യാക്കിയിരിക്കുന്നുവെന്ന് അവർ വിളിച്ചു പറയുകയായിരുന്നു- ഹദ്റത്ത് ഉമർ ജനങ്ങളോടു എന്താണ് കാര്യമെന്ന് ചോദിച്ചു. അവർ പറഞ്ഞു: 'നബി ﷺ തിരുമേനി യുദ്ധത്തിൽ പിടികൂടിയ എല്ലാ തടവുകാരെയും മോചിപ്പിച്ചിരിക്കുകയാണ്.' അതു കേട്ടതും ഹദ്റത്ത് ഉമർ ؓ തന്റെ മകനോട് പറഞ്ഞു: 'അബ്ദുല്ലാഹ്! നബി ﷺ തിരുമേനി നിനക്ക് നൽകിയ ആ പെൺകുട്ടിയേയും വേഗം ചെന്ന് സ്വതന്ത്രയാക്കിക്കൊള്ളുക.'*(സ്വഹീഹ് മുസ്‌ലിം, കിതാബുൽഈമാൻ, ഹദീഥ് 4294)*

നബി ﷺ തിരുമേനി യുടെ മനഃസ്സാക്ഷി സൂക്ഷിപ്പുകാരൻ എന്നാണ് ഹദ്റത്ത് ഹുദയ്ഫായെ കുറിച്ച് പറയാറുള്ളത്. തബൂക് യുദ്ധവേളയിൽ ഒരു സംഭവം നടന്നു. ഹദ്റത്ത് ഹുദയ്ഫ വിവരിക്കുന്നു. നബി ﷺ തിരുമേനി തന്റെ സവാരിമൃഗത്തിൽനിന്നു താഴേക്കിറങ്ങിയനേരത്ത് നബി ﷺ തിരുമേനിക്കു ഒരു വെളിപാടിറങ്ങി. അവിടെ നബി ﷺ തിരുമേനിയുടെ യാത്രാമൃഗം ഇരിക്കുകയായിരുന്നു. പെട്ടെന്ന് അതെ ഴുന്നേൽക്കുകയും അതിന്റെ മൂക്കുകയർ ശക്തമായി വലിക്കുകയും ചെയ്തു. ഞാൻ അതിന്റെ മൂക്കുകയർ ആഞ്ഞു വലിച്ചു. എന്നിട്ട് അതിനെ നബി ﷺ തിരുമേനിയുടെ അടുത്ത് കൊണ്ടുവന്നിരുത്തി. ഞാൻ അതിന്റെ അടുത്തുതന്നെ ഇരുന്നു. ഏതുവരെയെന്നാൽ നബി ﷺ തിരുമേനി വഹ്‌യുടെ ഇരക്കം അവസാനിച്ചതിനുശേഷം എഴുന്നേറ്റ് നിന്നു. ഞാൻ ആ പെൺഒട്ടകത്തെ നബി ﷺ തിരുമേനിയുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ നബി ﷺ തിരുമേനി ചോദിച്ചു: 'താങ്കൾ ആരാണ്?' ഞാൻ പറഞ്ഞു: 'ഹുദയ്ഫയാണ്.' അപ്പോൾ നബി ﷺ തിരുമേനി പറഞ്ഞു: 'ഞാൻ താങ്കൾക്കു ഒരു രഹസ്യം പറഞ്ഞു തരാം. താങ്കൾ ഇത് ആരോടും പറയരുത്. എന്നോട് ഇന്ന ഇന്ന വ്യക്തികളുടെ ജനാസ നമസ്കരിപ്പിക്കരുതെന്ന് പറഞ്ഞ് അല്ലാഹു വിലക്കിയിരിക്കുന്നു.' നബി ﷺ തിരുമേനി ഒരുപറ്റം മുനാഫിഖീങ്ങളുടെ പേര് പറഞ്ഞു. നബി ﷺ തിരുമേനി വഫാത്തായതിനുശേഷം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ആരെങ്കിലും വഫാത്താകുകയും അയാളെക്കുറിച്ച് ഹദ്റത്ത് ഉമർ മുനാഫിഖീങ്ങളുടെ ആ സംഘത്തിൽ പെട്ട വ്യക്തിയാണെന്ന് കരുതുകയും ചെയ്യുമ്പോൾ അദ്ദേഹം ഹദ്റത്ത് ഹുദയ്ഫയുടെ കൈപിടിച്ച് ജനാസ നമസ്കരിക്കാനായി കൂടെ കൊണ്ടുപോകുമായിരുന്നു. ഹദ്റത്ത് ഹുദയ്ഫ തന്നോടൊപ്പം വരികയാണെകിൽ ഹദ്റത്ത് ഉമർ ആ വ്യക്തിയുടെ ജനാസ നമസ്കരിക്കുമായിരുന്നു. ഇനി ഹദ്റത്ത് ഹുദയ്ഫ ഹദ്റത്ത് ഉമറിന്റെ കൈയിൽ നിന്നു തന്റെ കൈ തട്ടിമാറ്റുമ്പോൾ ഹദ്റത്ത് ഉമറും ആ ആവ്യക്തിയുടെ ജനാസ നമസ്കരിക്കുമായിരുന്നില്ല. *(അസ്സീറത്തുൽ ഹൽബിയ്യ,(മുത്തർജിം)വാല്യം 3, നിസ്ഫ് അവ്വൽ പേജ് 440-441, പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി, 2009)*

നബി ﷺ തിരുമേനിയുടെ പ്രവചനത്തെ ഹദ്റത്ത് ഉമർ ؓ ബാഹ്യമായ നിലയിൽ പൂർത്തിയാക്കിയതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് ؑ പറയുന്നു: ഹദ്റത്ത് ഉമർ ؓ വിശ്വസ്തതയിലും നിറഞ്ഞ വ്യക്തിത്വമായിരുന്നു. നബി ﷺ തിരുമേനിയുടെ രണ്ടാം ഖലീഫയായി ഹദ്റത്ത് ഉമർ ؓ തിരഞ്ഞെടുക്കപ്പെട്ടു. എല്ലാ സ്വഹാബിവര്യന്മാർക്കും അന്തസ്സും പ്രതാപവും ലഭിക്കുകയുണ്ടായി. സീസറിന്റേയും ഖുസ്റോവിന്റേയും സമ്പത്തും രാജകുമാരിമാരും അവർക്കു ലഭിച്ചു. ഇങ്ങനെ വന്നിരിക്കുന്നു: ഒരു സ്വഹാബി ഖുസ്റോവിന്റെ സദസ്സിൽ വന്നു. ഖുസ്റോവിന്റെ ഭൃത്യന്മാർ സ്വർണത്തിന്റേയും വെള്ളിയുടേയും ഇരിപ്പിടങ്ങൾ തയ്യാറാക്കി തങ്ങളുടെ പ്രതാപവും പ്രൗഢിയും പ്രദർശിപ്പിച്ചു. അതുകണ്ട ആ സ്വഹാബി പറഞ്ഞു: 'ഈ സമ്പത്ത് കണ്ടൊന്നും ഞങ്ങൾ പ്രലോഭിതരാകുകയില്ല. കാരണം ഖുസ്റോവിന്റെ അധികാരച്ചിഹ്നമായ വളകൾ ഞങ്ങൾക്ക് ലഭിക്കുമെന്നാണ് ഞങ്ങളോട് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത്. അങ്ങനെ ഹദ്റത്ത് ഉമർ ؓ പിൽക്കാലത്ത് ആ പ്രവചനം പൂർത്തിയാക്കാനായി ആ വളകൾ ഒരു സ്വഹാബിയെ അണിയിക്കുകയുണ്ടായി.' *(മൽഫൂദാത്ത് വാല്യം 2, പേജ്46)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ പറയുന്നു:'സ്വർണം ധരിക്കുന്നത് പുരുഷന്മാർക്ക് അനുവദനീയമല്ല. എന്നാൽ, ഹദ്റത്ത് ഉമർ ؓ ഒരു സഹാബിയെ കിസ്റായുടെ കൈത്തള അണിയിച്ചു. അപ്പോൾ ആ സ്വഹാബി അത് അണിയാൻ സമ്മതിച്ചില്ല. ഹദ്റത്ത് ഉമർ ؓ അദ്ദേഹത്തെ ശകാരിച്ചുകൊണ്ട് പറഞ്ഞു: 'നിന്റെ കൈകളിൽ കിസ്റായുടെ വളകൾ എനിക്കു കാണാൻ സാധിക്കുന്നു' എന്ന് നബി ﷺ തിരുമേനി പറഞ്ഞതാണ്. അതുപോലെ മറ്റൊരു സന്ദർഭത്തിൽ യുദ്ധമുതലായി ഖുസ്റോവിന്റെ കിരീടവും പട്ടു വസ്ത്രവും വന്നു. ഹദ്റത്ത് ഉമർ ؓ ഒരു വ്യക്തിയോട് ആ വസ്ത്രവും കിരീടവും അണിയാൻ കല്പിച്ചു. അയാൾ അത് ധരിച്ചപ്പോൾ അദ്ദേഹം പൊട്ടിക്കരഞ്ഞു. എന്നിട്ട് പറഞ്ഞു: 'കുറച്ചുനാൾ മുമ്പേവരെ ഖുസ്റോ ഈ വസ്ത്രം ധരിച്ച് ഈ കിരീടവും ചൂടി പേർഷ്യയിൽ സ്വേച്ഛാധിപതിയായി വാഴുകയായിരുന്നു. ഇന്നയാൾ കൊടുംവനങ്ങളിൽ അലഞ്ഞു തിരിയുകയാണ്. ഇതാണ് ലോകത്തിന്റെ അവസ്ഥ. ഹദ്റത്ത് ഉമറിന്റെ ഈ പ്രവൃത്തി ബാഹ്യ ദൃഷ്ടിയാലേ ഒരാൾക്കു ചിലപ്പോൾ അനുചിതമായി തോന്നിയേക്കാം. കാരണം പട്ടും സ്വർണവും പുരുഷന്മാർക്ക് അനുവദനീയമല്ല. എന്നാൽ, ഒരു നല്ല കാര്യം മനസ്സിലാക്കി കൊടുക്കാനും ഉപദേശിക്കാനുമായാണ് ഹദ്റത്ത് ഉമർ ؓ ഒരു വ്യക്തിയെ ഏതാനും നിമിഷങ്ങൾക്കായി സ്വർണവും പട്ടും ധരിപ്പിച്ചത്. ചുരുക്കത്തിൽ അടിസ്ഥാനപരമായ കാര്യം അല്ലാഹുവിലുള്ള തഖ്‌വായാണ്. അല്ലാഹുവിനോടുള്ള തഖ്‌വാ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് എല്ലാ ദൈവകല്പനകളുമുള്ളത്. അതുകൊണ്ട് അല്ലാഹുവിനോടു തഖ്‌വാ സ്വായത്തമാക്കുന്നതിനായി ബാഹ്യദൃഷ്യാ ആരാധനയായി തോന്നുന്ന ഒരു കാര്യം ഒഴിവാക്കേണ്ടി വരികയാണെകിൽ അത് ദൈവത്തിൽ നിന്നു പ്രതിഫലം ലഭിക്കുന്നതിന് കാരണമാകും. *(ഏക് സാഹിബ് കെ പാഞ്ച് സവാലോം ക ജവാബ്, അൻവാറുൽ ഉലൂം വാല്യം 3, പേജ് 28)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ ؓ ൽനിന്നു നിവേദനം. നബി ﷺ തിരുമേനി പറഞ്ഞു: 'ഞാൻ ഒരു സ്വപ്നത്തിൽ ഇങ്ങനെ കണ്ടു. ഞാൻ ഒരു കിണറിൽനിന്നു ഒരു കപ്പിയിൽ ഘടിപ്പിച്ച തൊട്ടികൊണ്ട് വെള്ളം കോരുകയായിരുന്നു. ആ സമയത്ത് അബൂബക്ർ വന്നു. അദ്ദേഹം രണ്ടു കോരിവെള്ളം വലിച്ചെടുത്തു. എന്നാൽ, വെള്ളം കോരുമ്പോൾ അദ്ദേഹത്തിന് ക്ഷീണമുള്ളതായി വെളിപ്പെട്ടിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ക്ഷീണം മറച്ചു വെക്കുന്നതാണ്. അദ്ദേഹത്തോട് വിട്ടു വീഴ്ച ചെയ്യുന്നതായിരിക്കും. അതിനു ശേഷം ഉമർ ബിൻ ഖത്ത്വാബ് വന്നു. അപ്പോൾ ആ തൊട്ടി വലുതായി. ഉമർ അപ്പോൾ ചെയ്ത

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'അല്ലാഹുവിനുവേി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

പ്രവൃത്തി എനിക്ക് വളരെ ആശ്ചര്യജനകമായി തോന്നി. ഒരു ഫയൽവാനും അതുപോലെ ചെയ്യാൻ കഴിയില്ല. അദ്ദേഹം എത്രത്തോളം വെള്ളം കോരിയെന്നാൽ ജനങ്ങൾ ദാഹം മാറുന്നതുവരെ കുടിക്കുകയും അവരവരുടെ ഇടങ്ങളിൽ പോയി ഇരിക്കുകയും ചെയ്തു. *(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യിﷺ, ഹദീഥ് 3682)*

ഹദ്റത്ത് ഇബ്നു ഉമർ رضي الله عنه പറയുന്നു: 'ഞാൻ നബിﷺതിരുമേനിയിൽനിന്ന് കേട്ടു. ഞാൻ ഉറങ്ങിക്കിടന്ന സമയത്ത് എന്റെ പക്കൽ പാൽ നിറച്ച ഒരു പത്രം കൊണ്ടുവരപ്പെടുകയും ഞാൻ അതിൽ നിന്നു കുടിക്കുകയും ചെയ്തു. ഞാൻ എത്രത്തോളം കുടിച്ചുവെന്നാൽ എന്റെ നഖങ്ങളിൽനിന്ന് പാൽ പുറത്തുവരുമോ എന്നെനിക്ക് തോന്നി. ശേഷം ഞാൻ മിച്ചമുള്ള പാൽ ഹദ്റത്ത് ഉമർ ബിൻ ഖത്താബിന് നൽകി. സ്വഹാബാക്കൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരെ ഇതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?' നബിﷺതിരുമേനി പറഞ്ഞു: 'അറിവ്.' *(സ്വഹീഹുൽ ബുഖാരി, കിതാബുൽ ഇൽമ്, ബാബു ഫള്ലുൽഇൽമി ഹദീഥ് 82)*

ഹദ്റത്ത് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് ഈ ഹദീഥിനെ വ്യാഖാനിച്ചു കൊണ്ട് പറയുന്നു: 'ഫള്ലുൽ ഇൽമ് എന്നതുകൊണ്ട് അറിവിന്റെ മാഹാത്മ്യം എന്നല്ല ഉദ്ദേശിക്കുന്നത്. മറിച്ച് ശേഷിക്കുന്ന അറിവിന്റെ ഭാഗം എന്നാണ് വിവക്ഷിതം. അറിവിന്റെ മാഹാത്മ്യത്തെ കുറിച്ച് മറ്റൊരു അധ്യായംതന്നെ ചേർത്തിട്ടുണ്ട്. നബിﷺതിരുമേനിയുടെ സ്വപ്നവും അതിന്റെ വ്യാഖ്യാനവും അതു പോലെ ഈ സ്വപ്നത്തെ സാക്ഷാത്കരിക്കുന്ന മറ്റു സംഭവങ്ങളും മുഖേന ഇവിടെയുള്ള വിവക്ഷിതം ഹദ്റത്ത് ഉമർ മുഖേന മുസ്ലിമീങ്ങൾക്ക് ലഭിച്ച ഭൗതികമായ വിജയങ്ങളും പ്രൗഢിയുമാണ്. നബിﷺതിരുമേനിയിൽ നിന്നു ലഭിച്ച പ്രവാചകജ്ഞനത്തിന്റെ ശേഷിക്കുന്ന ഒരു ഭാഗമാണത്. ഖുർആനിൽ നബിﷺതിരുമേനിയെ ഈ സമഗ്രതയുടെ അടിസ്ഥാനത്തിൽ മജ്മഉൽ ബഹ്റയ്ൻ എന്ന് പറഞ്ഞിട്ടുണ്ട്. അതായത് ലൗകികവും പാരത്രികവുമായ ഉന്നമനങ്ങളുടെ വിജ്ഞാനങ്ങളുടെ സമഗ്രഭാവം. ഇമാം ബുഖാരി രാഷ്ട്രീയത്തെയും ഇൽമിൽ ഉൾപ്പെടുത്തി നബിﷺതിരുമേനി സമ്പൂർണമായ നേരും നെറിയും ലോകത്ത് സ്ഥാപിച്ച വ്യക്തിയാണെന്നും മാനുഷികമായ ഇഹപരങ്ങളിലെ നന്മകളിൽ അധിഷ്ഠിതമായ ഒരു കാര്യമാണതെന്നും പറഞ്ഞിട്ടുണ്ട്. ഏതു പോലെ ഈസാ മസീഹ് നബിﷺതിരുമേനിയെ കുറിച്ച് ഇപ്രകാരം പ്രവചനം ചെയ്യുകയുണ്ടായി. 'ആ സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും.' (യോഹന്നാൻ അധ്യായം 16 വചനം 12) ഹദ്റത്ത് ഉമറിന്റെ സംഭവങ്ങൾ വായിക്കുമ്പോൾ ആ അവശേഷിക്കുന്ന പാലിന്റെ യാഥാർഥ്യം മനസ്സിലാക്കാൻ സാധിക്കും. അത് നബിﷺതിരുമേനിയുടെ ഐശ്വര്യത്തിൽനിന്നുമാണ് അദ്ദേഹം പാനം ചെയ്തത്. *(സ്വഹീഹുൽബുഖാരി, തർജമ വതശ്രീഹ്, സയ്നുൽആബ്ദിൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാള്യം 1, പേജ് 156-157)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضي الله عنه പറയുന്നു: നബിﷺതിരുമേനിയുടെ സന്നിധിയിൽ ഒരിക്കൽ ഹദ്റത്ത് ഉമർ رضي الله عنه സ്വപ്നത്തിൽ തനിക്ക് പാലിന്റെ ഒരു ചഷകം ലഭിച്ചതായി പറഞ്ഞു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'അതുകൊണ്ടുള്ള വിവക്ഷിതം ജ്ഞാനമാണ്.'*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 23, പേജ് 467)*

ഹദ്റത്ത് അബു സയീദ് ഖുദ്രി رضي الله عنه നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബിﷺതിരുമേനിഇങ്ങനെ പറയുന്നതായി കേട്ടു. ഞാൻ നിദ്രയിലായിരുന്നു. ആ സമയത്ത് ഒരു കൂട്ടം ജനങ്ങൾ എന്റെ മുമ്പാകെ കൊണ്ടുവരപ്പെട്ടു. അവർ മേൽക്കുപ്പായം ധരിച്ചിരുന്നു. എന്നാൽ, അവരിൽ ചിലരുടെ വസ്ത്രം നെഞ്ചുവരെ മാത്രമേ ഉണ്ടായിരുന്നുള്ളു. ചിലരുടെ അതിലും താഴെ ആയിരുന്നു. എനിക്ക് മുമ്പാകെ ഹദ്റത്ത് ഉമറും കൊണ്ടുവരപ്പെട്ടു. അദ്ദേഹത്തിന്റെ മേലാട നിലത്ത് ഉരസുന്നുണ്ടായിരുന്നു. സ്വഹാബാക്കൾ ചോദിച്ചു: അതിന് അങ്ങ് എന്താണ് വിവക്ഷ നൽകിയിരിക്കുന്നത്? അവിടന്ന് പറഞ്ഞു: 'ദീൻ.'*(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യിﷺ, ഹദീഥ് 3691)*

നബിﷺതിരുമേനി ഒരു സന്ദർഭത്തിൽ പല സ്വഹാബാക്കളുടേയും സവിശേഷതകൾ വിവരിക്കുകയായിരുന്നു. ഹദ്റത്ത് ഉമർ رضي الله عنه നെ കുറിച്ച് പറഞ്ഞു: 'എന്റെ സമുദായത്തിൽ ദീനിൽ ഏറ്റവും കൂടുതൽ സുദൃഢതയുള്ളത് ഉമറിനാണ്.*(സുനൻ ഇബ്നുമാജ, കിതാബുസ്സുന്ന, ബാബു ഖബ്ബാബ് ഹദീഥ് 154)*

ഹദ്റത്ത് മാലിക് ബിൻ മിഗ്വലിൽ നിന്നു നിവേദനം. ഹദ്റത്ത് ഉമർ رضي الله عنه പറഞ്ഞു: 'നിങ്ങളുടെ വിചാരണ നടക്കുന്നതിനു മുമ്പേ നിങ്ങൾ ആത്മപരിശോധന നടത്തുക. കാരണം അത് നിങ്ങൾക്ക് കൂടുതൽ എളുപ്പമുള്ള കാര്യമാണ്. അല്ലെങ്കിൽ നിങ്ങളുടെ കണക്കെടുപ്പിന് കൂടുതൽ എളുപ്പമുള്ള കാര്യമാണെന്ന് പറഞ്ഞു. നിങ്ങൾ അളക്കപ്പെടുന്നതിന് മുമ്പേ നിങ്ങളുടെ ആത്മാവിനെ അളക്കുക. എല്ലാറ്റിലുമുപരിയായി ഏറ്റവും വലിയ വിചാരണക്കായി നിങ്ങൾ തയ്യാറാവുക. **യൗമഇദിൻ തുഅ്റളൂന ലാ തഖ്ഫാ മിൻകും ഖാഫിയത്തുൻ** അതായത് ഒരു ഗോപ്യമായ സംഗതിയും മറഞ്ഞിരിക്കാത്ത നാളിൽ നിങ്ങൾ വിചാരണക്കായി കൊണ്ടുവരപ്പെടുന്നതാണ്. *(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാള്യം 4, പേജ് 161, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്, 2003)*

ഹദ്റത്ത് ഹസൻ വല്ലപ്പോഴുമൊക്കെ ഹദ്റത്ത് ഉമറിനെ സ്മരിച്ച് കൊണ്ട് പറയുമായിരുന്നു: 'അല്ലാഹുവാണ! അദ്ദേഹം ഇസ്ലാം സ്വീകരിക്കുന്നതിൽ പ്രഥമനായിരുന്നില്ലെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ഏറ്റവുമധികം ചെലവഴിക്കുന്നതിൽ ശ്രേഷ്ഠനായിരുന്നില്ലെങ്കിലും ലോകത്തോടുള്ള വിരക്തിയിലും ദൈവ കൽപനകൾ നടപ്പിലാക്കുന്നതിനുള്ള കർശനതയിലും ജനങ്ങളിൽ ഏറ്റവും പ്രബലനായിരുന്നു. ദൈവ കല്പനകൾ പാലിക്കുന്ന കാര്യത്തിൽ കാർക്കശ്യം കാണിക്കുന്നതിൽ എല്ലാവരേക്കാളും അദ്ദേഹം മുൻകടന്നിരുന്നു. അതുപോലെ അല്ലാഹുവിന്റെ കാര്യത്തിൽ പരിഹസിക്കുന്ന ആരുടേയും പരിഹാസത്തെ അദ്ദേഹം ഭയന്നിരുന്നില്ല.*(മുസ്വന്നിഫ് ഇബ്നു അബീ ശെയ്ബ, കിതാബുൽ ഫളാഇൽ, വാള്യം 11, പേജ് 120, ഹദീഥ് 32548, മക്തബത്തുർറുശ്ദ്, നാശിറോൺ അർരിയാള്, 2004)*

ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസ് വിവരിക്കുന്നു: 'അല്ലാഹുവാണ! ഹദ്റത്ത് ഉമർ ബിൻ ഖത്താബ് ഇസ്ലാം സ്വീകരിച്ച കാര്യത്തിൽ ഞങ്ങളെക്കാൾ മുന്നിലായിരുന്നില്ലെങ്കിലും അദ്ദേഹം ഏത് കാര്യത്തിലാണ് ഞങ്ങളെക്കാളും ശ്രേഷ്ഠനെന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അദ്ദേഹം ഞങ്ങളെക്കാൾ കൂടുതൽ ഭയഭക്തി ഉള്ളവനും ലൗകിക വിരക്തിയുള്ളയാളുമാണ്. *(മുസ്വന്നിഫ് ഇബ്നു അബീ ശെയ്ബ, കിതാബുൽ ഫളാഇൽ, വാള്യം 11, പേജ് 121, ഹദീഥ് 32548, മക്തബത്തുർറുശ്ദ്, നാശിറോൺ അർരിയാള്, 2004)*

ഹിശാം ബിൻ ഉർവ തന്റെ പിതാവിൽ നിന്നു നിവേദനം. അദ്ദേഹം പറയുന്നു: 'ഹദ്റത്ത് ഉമർ സിറിയയിൽ പോയിരുന്ന സമയത്ത് ധരിച്ചിരുന്ന അദ്ദേഹത്തിന്റെ മേൽക്കുപ്പായം പുറം കീറിയതായിരുന്നു. അത് കട്ടിയുള്ളതും നിലത്തു തട്ടുന്ന രീതിയിൽ നീളമുള്ളതുമായിരുന്നു. ഇങ്ങനെയുള്ള മേൽക്കുപ്പായങ്ങൾ റോമുമായി ചേർത്തും പറയപ്പെടുന്നുണ്ട്. എന്തായാലും, അദ്ദേഹം ഈ കുപ്പായം അദ്രിയാത്തിയ ഐലത്ത് വാസികളുടെ അടുക്കലേക്ക് അയച്ചു. ഐലത്ത് സിറിയയുടെ ഭാഗത്തുള്ള ഒരു പട്ടണമാണ്. സിറിയയോട് ചേർന്ന് കിടക്കുന്ന ചെങ്കടലിന്റെ തീരത്തുള്ള പട്ടണമാണ് ഐലത്ത്. എന്തായാലും നിവേദകൻ പറയുന്നു. അവർ ഈ മേൽക്കുപ്പായത്തെ അലക്കുകയും കീറലുകൾ തുന്നിചേർക്കുകയും ചെയ്തു. എന്നിട്ട് ഹദ്റത്ത് ഉമറിനുവേണ്ടി ഖുബ്ത്വുരി മേൽക്കുപ്പായം തയ്യാറാക്കുകയും ചെയ്തു. ഖുബ്ത്വുരി എന്നാൽ പഞ്ഞികൊണ്ടുണ്ടാക്കിയ വെള്ള നിറത്തിലുള്ള മാർദ്ദവമുള്ള തുണിയാണ്. എന്നിട്ടു അവർ ഈ രണ്ടു മേൽക്കുപ്പായങ്ങളുംകൊണ്ട് ഉമറിന്റെ സന്നിധിയിൽ ഹാജരാകുകയും അദ്ദേഹത്തിന് ഖുബ്ത്വുരി മേൽക്കുപ്പായം നൽകുകയും ചെയ്തു. ഹദ്റത്ത് ഉമർ رضي الله عنه ഈ മേൽക്കുപ്പായം പിടിച്ച് തൊട്ടു നോക്കിക്കൊണ്ട് പറഞ്ഞ: ഇത് വളരെ മാർദവമുള്ളതാണല്ലോ? എന്നിട്ട് അത് ആ വസ്ത്രം കൊണ്ടുവന്ന വ്യക്തിയുടെ അടുത്തേക്കുതന്നെ എറിഞ്ഞു. എനിക്ക് എന്റേ മേൽക്കുപ്പായം തന്നെ തരൂ, അത് വിയർപ്പിനെ നന്നായി വലിച്ചെടുക്കുന്ന വസ്ത്രമാണ്. *(മുസ്വന്നിഫ് ഇബ്നു അബീ ശെയ്ബ, കിതാബ് അൽബഊഥ് വസ്സറായാ വാള്യം 11, പേജ് 580-581, ഹദീഥ് 34427, മക്തബത്തുർറുശ്ദ്, നാശിറോൺ അർരിയാള്, 2004)* നിങ്ങൾ നന്നാക്കിയ കീറിയതുതന്നെയാണ് നല്ലത്.

ഹദ്റത്ത് അനസ് ബിൻ മാലിക് رضي الله عنه നിവേദനം. അദ്ദേഹം പറയുന്നു: 'ഹദ്റത്ത് ഉമർ ബിൻ ഖത്താബ് رضي الله عنه ഖലീഫയായിരുന്നപ്പോൾ ഞാൻ അദ്ദേഹത്തെ ഈ അവസ്ഥയിൽ കാണുകയുണ്ടായി. അദ്ദേഹത്തിന്റെ ഇരു തോളുകൾക്കുമിടയിലുള്ള ഭാഗത്തെ മേൽക്കുപ്പായത്തിൽ മൂന്ന് തോലുകൾ കണ്ടം വെച്ചു തുന്നിയിരന്നു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അനസ് നിവേദനം. ഹദ്റത്ത് ഉമറിന്റെ തോളുകൾക്കിടയികളുള്ള ഭാഗത്ത് വസ്ത്രത്തിൽ നാലു തോൽക്കഷണങ്ങൾ കണ്ടംവച്ചതായി കണ്ടു. *(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 249, ദാറുൽകുതുബുൽഇൽമിയ്യ , ബെയ്റൂത്ത് ലബ്നാൻ 1990)*

ഹദ്റത്ത് ഉമർؓന്റെ അനുസ്മരണം ഇനിയും തുടരുന്നതാണ്. ഇൻശാഅല്ലാഹ്.

ഇപ്പോൾ ഞാൻ ഒരു പരേതാത്മാവിനെ അനുസ്മരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ജുമുഅ നമസ്കാര ശേഷം അദ്ദേഹത്തിന്റെ ജനാസയും നമസ്കരിപ്പിക്കുന്നതായിരിക്കും. ഡോക്ടർ തഅ്ഥീർ മുജ്തബാ സാഹിബിനെയാണ് അനുസ്മരിക്കുന്നത്. അദ്ദേഹം ഫള്ലെ ഉമർ ഹോസ്പിറ്റലിലെ ഡോക്ടറായി രുന്നു. കഴിഞ്ഞ ദിവസം 70-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ പല രോഗങ്ങളുമുണ്ടായിരുന്നെങ്കിലും പെട്ടെന്നാണ് അദ്ദേഹത്തിന്റെ ആരോഗ്യനില മോശമായത്. അതിനുശേഷം പൊടുന്നനെ ആരോഗ്യം വളരെ വഷളാവുകയും തുടർന്ന് വഫാത്താവുകയുമായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

ഡോക്ടർ സാഹിബിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പിതാവിന്റെ കസിനും ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ സ്വഹാബിയുമായ സയ്യിദ് ഫഖ്റുൽ ഇസ്‌ലാം സാഹിബു മുഖേനയാണ് അഹ്മദിയ്യത്തിന് തുടക്കം കുറിച്ചത്. പക്ഷ്, ഡോക്ടർ തഅ്ഥീർ മുജ്തബാ സാഹിബിന്റെ പിതാവ് ഗുലാം മുജ്തബാ സാഹിബ് വിദ്യാർഥിയായിരിക്കെ 1938 ൽ ബയ്അത്ത് ചെയ്ത് അഹ്മദിയായി. ഖലീഫത്തുൽ മസീഹ് ഥാലിഥ് നുസ്റത്ത് ജഹാൻ സ്കീമിന്റെ കീഴിൽ വഖ്ഫിന് ആഹ്വാനം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ പിതാവ് ഗുലാം മുജ്തബാ സാഹിബ് കറാച്ചിയിൽ സിവിൽ സർജനായി സേവനം അനുഷ്ഠിക്കുകയായിരുന്നു. ഈ ആഹ്വാനത്തിൽ അദ്ദേഹം അവിടെ നിന്നു പെൻഷൻ വാങ്ങുകയും വഖ്ഫ് ചെയ്ത് 1970-ൽ ആഫ്രിക്കയിലേക്ക് പോകുകയും ചെയ്തു. 1999വരെ അവിടെ സേവനം അനുഷ്ഠിച്ചു. ഘാനയിലും നൈജീരിയയിലെ സിയറ ലിയോൺ (Sierra Leone)ലുമാണ് അദ്ദേഹം സേവനം അനുഷ്ഠിച്ചത്. ഡോക്ടർ തഅ്ഥീർ മുജ്തബാ സാഹിബ് തന്റെ മെഡിസിൻ പഠനം പൂർത്തിയാക്കിയതിനുശേഷം ഏതാണ്ട് രണ്ടു വർഷത്തോളം ആർമിയിൽ സേവനം അനുഷ്ഠിക്കുകയും അതുകഴിഞ്ഞ് കറാച്ചിയിലെ സിവിൽ ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിക്കുകയും അവിടെ നിന്നു കറാച്ചിയിലെ ജിന്ന ഹോസ്പിറ്റലിൽ കുറച്ചുകാലം സേവനം അനുഷ്ഠിക്കുകയും ചെയ്തു. 1982-ൽ അദ്ദേഹം മൂന്നു വർഷത്തേക്ക് വഖ്ഫ് ചെയ്ത് ഘാനയിലേക്കുപോയി. അവിടെ ടീച്ചിമാൻ (techi man) ഹോസ്പിറ്റലിലാണ് നിയമിതനായത്. പിന്നീട് അസോക്കോർ (Asokore) ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിച്ചു. ആ ഹോസ്പിറ്റൽ അദ്ദേഹത്തിന്റെ പിതാവാണ് സ്ഥാപിച്ചത്. അദ്ദേഹം തന്റെ പിതാവിനോടൊപ്പം മൂന്നു വർഷം സേവനം ചെയ്തു. പിതാവിൽനിന്നു സർജറി പഠിച്ചു. വളരെ മികച്ച സർജനായിരുന്നു. ഘാനയിൽ ഡോക്ടർ തഅ്ഥീർ മുജ്തബാ സാഹിബ് ഏതാണ്ട് 23 വർഷം സേവനം ചെയ്തു. അതിനുശേഷം 17 വർഷം റബ്‌വയിലെ ഫള്ലെ ഉമർ ഹോസ്പിറ്റലിൽ അദ്ദേഹം സേവനം ചെയ്തു. അങ്ങനെ മൊത്തം നാല്പതു വർഷക്കാലം അദ്ദേഹത്തിന് സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു.

അദ്ദേഹം വിവാഹം കഴിച്ചത് സയ്യിദ് ദാവൂദ് മുള്വഫ്ഫർ ശാഹ് സാഹിബിന്റേയും സാഹിബ് സാദി അമത്തുൽ ഹക്കീം സാഹിബയുടേയും മകൾ അമിത്തുർറഊഫ് സാഹിബയെയാണ്. അമത്തുൽ ഹക്കീം സാഹിബ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ മകളാണ്. ഡോക്ടർ തഅ്ഥീർ മുജ്തബാ സാഹിബിന് ഒരു മകനും മകളുമാണുള്ളത്. അദ്ദേഹത്തിന്റെ ഭാര്യ അമത്തുർറഊഫ് പറയുന്നു:' അദ്ദേഹം രോഗിയായ സമയത്ത് ഞാൻ കാണാൻ ചെന്നപ്പോൾ എന്നോട് പറഞ്ഞു, 'ഹുദൂറിന് എന്റെ സലാമെത്തിക്കണം.' അങ്ങനെ എനിക്ക് സലാം എത്തിച്ചു. അവർ പറയുന്നു: 'ആ സമയത്ത് അദ്ദേഹം മരണത്തോടടുത്ത വ്യക്തി സലാം പറയുന്ന നിലയിലായിരുന്നു സംസാരിച്ചിരുന്നത്.' തുടർന്നെഴുതുന്നു: 'ഘാനയിൽ ഒരിക്കൽ അദ്ദേഹം വളരെയധികം രോഗബാധിതനായി അങ്ങേയറ്റം പ്രയാസത്തോടെയാണ് രാത്രി കഴിച്ചു കൂട്ടിയത്. വളരെ അപകടരമായ അവസ്ഥയായിരുന്നു. സ്വുബ്ഹിയുടെ നേരത്ത് എന്നോടു പറഞ്ഞു, 'ആരോ സലാം ചൊല്ലിയിട്ടുണ്ട്, ആരാണെന്നുപോയി നോക്കുക.' അപ്പോൾ ഞാൻ പറഞ്ഞു, വാതിൽ അടച്ചിട്ടാണുള്ളത്. ആർക്കും അകത്തേക്ക് വരാൻ സാധിക്കില്ല. ഒരു മണിക്കൂറിനുശേഷം വീണ്ടും എന്നോട് പറഞ്ഞു, 'ഞാൻ സലാം ചൊല്ലുന്നതായി കേട്ടു, ആരോ സലാം പറഞ്ഞിട്ടുണ്ട്.' അതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ ആരോഗ്യനില മെച്ചപ്പെട്ടു തുടങ്ങി. അങ്ങനെ അദ്ദേഹത്തിന് ഘാനയിൽ വെച്ച് ആരോഗ്യം വീണ്ടുകിട്ടി.' തുടർന്ന് പറയുന്നു: 'ഞാൻ അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തപ്പോൾ എനിക്ക് അദ്ദേഹത്തിന്റെ ആയുസ്സ് ദീർഘിച്ചതായി തോന്നിച്ചു.' അവർ പറയുന്നു: വളരെ വിനയാന്വിതനും നിസ്സ്വനും ആരെയും ഉപദ്രവിക്കാതെ ജീവിക്കുന്നയാളുമായിരുന്നു. ഒരിക്കലും ആരെയും കുറ്റം പറയുകയോ പരദൂഷണം പറയുകയോ പരാതി പെടുകയോ ചെയ്തിട്ടില്ല. ആരെങ്കിലും തെറ്റുചെയ്താൽ കൂടി അദ്ദേഹം മൗനം പാലിച്ചിരുന്നു.

ഡോക്ടർ സാഹിബിന്റെ സഹോദരൻ എഴുതുന്നു: 'ഡ്യൂട്ടി സമയം കഴിഞ്ഞാലും രോഗികളെ പരിശോധിക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. മറ്റു ഡോക്ടർമാർ വളരെ കുറച്ചാണ് നോക്കുന്നതെന്നും അതുകൊണ്ട് രോഗികൾ മടങ്ങിപ്പോകുമെന്നും അതുകൊണ്ടാണ് താൻ ഇവരെ നോക്കുന്നതെന്നും പറയുമായിരുന്ന. അങ്ങനെ മറ്റു ഡോക്ടർമാരുടെ ഭാരവും സ്വയം വഹിച്ചിരുന്നു. വളരെ മാന്യമായ പ്രകൃതമായിരുന്നു. അൽപഭാഷിയായിരുന്നു. സെക്യൂരിറ്റി ജീവനക്കാരും ആശുപത്രി ജീവനക്കാരും പറയുന്നു: എപ്പോൾ കണ്ടാലും ചിരിച്ച് കുശലം അന്വേഷിച്ചിട്ടെ പോകുമായിരുന്നുള്ളു. പൊതുവെ എല്ലാ രോഗികളോടും പ്രത്യേകിച്ച് അഹ്മദികളോടും വളരെ നല്ല നിലയിൽ പെരുമാറിയിരുന്നു. ആശുപത്രി സമയത്തിനുശേഷം അദ്ദേഹത്തെ കാണാൻ വരുന്ന രോഗികളോടു മിക്കപ്പോഴും ഫീസ് വാങ്ങിയിരുന്നില്ല.

ജാമിഅ അഹ്മദിയ്യായിലെ പ്രിൻസിപ്പാൾ മുബശ്ശിർ സാഹിബ് എഴുതുന്നു: ചില പ്പോഴൊക്കെ അദ്ദേഹത്തോടൊപ്പം ഇരിക്കാൻ എനിക്ക് സൗഭാഗ്യമുണ്ടായിട്ടുണ്ട്. വളരെ കുറച്ചു സംസാരിക്കുന്ന വ്യക്തിയായിരുന്നു. വളരെ സൗമ്യനും സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിക്കുന്ന ആളും വിനയമായി സംസാരിക്കുന്ന വ്യക്തിയുമായിരുന്നു. ഇദ്ദേഹം തുടർന്നു പറയുന്നു: എളിമയിലും താഴ്മയിലും ലാളിത്യത്തിലും അദ്ദേഹത്തെക്കാൾ മുൻപന്തിയിലുള്ള ഒരാളേയും ഞാൻ കണ്ടിട്ടില്ല. ആശുപത്രിയിൽവെച്ചും ഇത് ആളുകൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ദരിദ്രർ പ്രത്യേകിച്ച് പ്രശേസിച്ചു പറയാറുണ്ട്. അദ്ദേഹത്തെ കുറിച്ചുള്ള ചില സംഭവങ്ങൾ കേട്ടാൽ അസൂയ തോന്നിപ്പോകും. ഞങ്ങളുടെ ആശുപത്രിയിൽ ഇത്തരം ഡോക്ടറുമുണ്ടല്ലോ എന്നു പറഞ്ഞ് സന്തോഷിക്കുന്നവരുമുണ്ട്. തുടർന്നു പറയുന്നു: മുമ്പേ പറഞ്ഞതുപോലെ ഡോക്ടർ രോഗികളെ പരിശോധിക്കുന്നത് പരിശോധന സമയം കഴിഞ്ഞാലും തുടർന്നിരുന്നു. ഡോക്ടർ റൂമിൽനിന്നിറങ്ങി പുറത്തുപോകുമ്പോഴും ഏതെങ്കിലും രോഗി വന്നാൽ അകത്തുകയറി അവരെ കാത്തിരുന്നതുപോലെ പരിശോധിക്കുമായിരുന്നു. ദരിദ്രരെ വളരെയധികം സഹായിച്ചിരുന്നു.

അത്ഹർ സുബയ്ർ സാഹിബ് ഇവിടെ ജർമനിയിൽ ഹുമാനിറ്റി ഫസ്റ്റിന്റെ ചെയർമാനാണ്. അദ്ദേഹം പറയുന്നു:ഞാൻ 2004 -ൽ ആഫ്രിക്ക സന്ദർശനം നടത്തിയപ്പോൾ ഘാനയിലും മറ്റുള്ള സ്ഥലങ്ങളിലും എന്റെ കൂടെ ഉണ്ടായിരുന്നു. ബെനിനിലും പോയിരുന്നു. അത്ഹർ സുബയ്ർ സാഹിബ് പറയുന്നു: 'ഡോക്ടർ സാഹിബ് ഒരു സ്ത്രീയെ കാണുകയുണ്ടായി. അവർക്കെന്തോ അസ്വസ്ഥത ഉള്ളതായി തോന്നി. അവരോട് എന്താണ് കാരണമെന്ന് ചോദിക്കാൻ ഡോക്ടർ സാഹിബ് എന്നോട് പറഞ്ഞു. അവർ പറഞ്ഞു: ഞാൻ ഖലീഫത്തുൽ മസീഹിനെ കാണാൻ വന്നതായിരുന്നു. എന്റെ കൈയിൽ ഉണ്ടായിരുന്നതെല്ലാം ചെലവായി. തിരിച്ചു പോകാനുള്ള പൈസ എന്റെ കൈയിലില്ല.' അവർക്ക് മുപ്പതിനായിരം ഫ്രാൻക്സിഫ നൽകാൻ ഡോക്ടർ സാഹിബ് പറഞ്ഞു. ഇദ്ദേഹം പറയുന്നു: ആ നേരത്ത് ഈ തുക ഒരു സാധാരണക്കാരന്റെ ഒരു മാസത്തെ ശമ്പളത്തിന്റെ അത്രയുമുണ്ടായിരുന്നു.ഡോക്ടർ സാഹിബ് പെട്ടെന്നുതന്നെ അത് അവർക്കു നൽകി.

ഹനീഫ് മഹ്മൂദ് സാഹിബ് എഴുതുന്നു: വളരെ മിതവ്യയനും, വിനയാന്വിതനുമായിരുന്നു. ജീവിതം വഖ്ഫു ചെയ്തവരോടു വളരെ സ്നേഹത്തോടെ പെരുമാറിയിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ഭാര്യ രോഗബാധിതയായപ്പോൾ അദ്ദേഹം ചികിൽസിച്ചു. മാത്രമല്ല ഞങ്ങൾ അഭിപ്രായം ആരായുന്നതിനുവേണ്ടി പോയതായിരുന്നു. കാണിക്കാൻ വേണ്ടി പോയതല്ലായിരുന്നു. അദ്ദേഹം ടോക്കൻ ചോദിച്ചു. ടോക്കൻ എടുത്തിട്ടില്ലെന്ന് ഞങ്ങൾ പറഞ്ഞു. അദ്ദേഹം തന്റെ സഹായിയെ വിളിച്ചു. തന്റെ കൈയിൽനിന്ന് 100 രൂപ എടുത്ത് ടോക്കൻ എടുത്തുകൊണ്ട് വരാൻ പറഞ്ഞു. ഞങ്ങൾ പറഞ്ഞിട്ടും ഞങ്ങളിൽ നിന്ന് പൈസ വാങ്ങിയില്ല. നിഷ്കളങ്കമായ മുഖത്തോടുകൂടിയ മനുഷ്യരൂപം പൂണ്ട ഒരു മലക്കായിരുന്നു അദ്ദേഹം. മൗനപ്രകൃതക്കാരൻ. മസ്ജിദ് മുബാറക്കിലും നമസ്കരിക്കാൻ വരുമ്പോൾ വളരെ നിശബ്ദതയോടുകൂടി വന്ന് ദീർഘ നേരം നമസ്കരിക്കുമായിരുന്നു.'

ഇവിടെ യു.കെ.യിൽ താമസിക്കുന്ന യൂറോളജിസ്റ്റാണ്. ഡോക്ടർ മുള്വഫ്ഫർ ചൗദ്‌രി സാഹിബ്. ഇദ്ദേഹവും അവിടെ വഖ്ഫ് ആർസിയിൽ പോയി വരാറുണ്ടായിരുന്നു.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 9 December 2021 Issue-49

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

അദ്ദേഹം പറയുന്നു: 'മൗന പ്രകൃതം, വളരെ അനുകമ്പയുള്ളയാളും സഹതാപമുള്ളയാളുമായിരുന്നു. ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി പുതിയ കാര്യങ്ങൾ പഠിക്കുന്നതിൽ തല്പരനായിരുന്നു.' പറയുന്നു: 'ഞാൻ വഖ്ഫ് ആർസിയിൽ പോയപ്പോൾ അദ്ദേഹത്തിന്റെ ഓഫീസിൽ ഇരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ കസേരയിൽ എന്നെ ഇരുത്തുമായിരുന്നു.ഞാൻ എത്ര നിർബന്ധിച്ചാലും അദ്ദേഹം മറ്റെവിടെയെങ്കിലും പോയി ഇരിക്കുമായിരുന്നു.'

വക്കീലുൽമാൽ ഔവൽ തഹ്‌രീക്കെ ജദീദ് റബ്‌വ, ലുഖ്മാൻ സാഹിബ് പറയുന്നു: ഒരുപാട് ഗുണങ്ങളുള്ള മനുഷ്യനായിരുന്നു. ധനത്യാഗത്തോട് പ്രത്യേകമായ ഇഷ്ടമായിരുന്നു. പാകിസ്താനിൽ വന്നതുമുതൽ തഹ്‌രീക്കെ ജദീദ് ന്റെ ചന്ദ എല്ലാ വർഷവും വിളംബരം നടന്ന ആദ്യ ഘട്ടത്തിൽത്തന്നെ നേരിട്ട് ദഫ്തറെ ഔവ്വലിൽ വന്ന് അടച്ചിരുന്നു. ഡോക്ടർ എന്നത് അദ്ദേഹത്തിന്റെ ഡിഗ്രിയായിരുന്നു എങ്കിലും മാനവസേവ അദ്ദേഹത്തിന്റെ ലക്ഷ്യമായി കാണാമായിരുന്നു.' അലോപ്പതി കൂടാതെ ആവശ്യം വന്നാൽ ഹോമിയോ ചികിത്സയും നടത്തിയിരുന്നു. മറ്റൊരു ചികിത്സയും സാധ്യമല്ലെന്ന് പറഞ്ഞിരുന്നില്ല. ഡോക്ടർ നയീം സാഹിബ് ഇപ്പോൾ അസോകോർ(Asokore) ഹോസ്പിറ്റലിൽ ഇൻചാർജാണ്. അദ്ദേഹം പറയുന്നു:'ഇൻചാർജ് മിഷണറി ഡോക്ടറായി അസോകോര(Asokore) യിൽ അദ്ദേഹം 21 വർഷം സേവനമനുഷ്ഠിക്കുകയുണ്ടായി. ഇന്ന് അദ്ദേഹത്തിന്റെ മരണവാർത്ത അറിഞ്ഞ് ആ പ്രദേശത്തെ ഒരുപാട് ആളുകൾ വന്നു. അവർക്ക് ഡോക്ടർ സാഹിബയുമായി വളരെ നല്ല ബന്ധമായിരുന്നു. പ്രത്യേകമായി അവർ അനുശോചനം രേഖപെപ്പടുത്തി. പറയുന്നു: 'ഡോക്ടർ സാഹിബ് വളരെ ലളിത പ്രകൃതക്കാരനാ യിരുന്നു. മിതഭാഷിയും,തന്റെ ജോലിയിൽ വ്യാപൃതനായിരുന്നയാളും, ദരിദ്രരെ സഹായിച്ചിരുന്നയാളും, വളരെ വലിയ അതിഥി സൽകാര പ്രിയനുമായിരുന്നു. അദ്ദേഹത്തിന് ഭൗതിക അറിവു കൂടാതെ ജമാഅത്തിന്റെ ഗ്രന്ഥങ്ങളും പ്രത്യേകിച്ചും ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലും നല്ല ശ്രദ്ധ ഉണ്ടായിരുന്നു.' വീണ്ടും ഡോക്ടർ സാഹിബ് എഴുതുന്നു:'ഡോക്ടർ സാഹിബ് അഹ്മദിയ്യ ഹോസ്പിറ്റൽ അസോകോര(Asokore) യിൽ സർജറിയുടെ മേഖലയിൽ നിസംശയം വളരെ വലിയ സേവനമാണ് കാഴ്ച വെച്ചത്. അതിന്റെ ഫലമായി ഇന്നും ഒരുപാട് രോഗികൾ പശ്ചിമാഫിക്കയിൽ നിന്ന് ഈ ഹോസ്പിറ്റലിൽ ചികിത്സ തേടി വരുന്നുണ്ട്. അവരുടെ സാധാരണ ആഫ്രിക്കൻ ഭാഷയിൽ മുജ്തബായെ കുറിച്ച് വിവരിക്കുന്നു. തഅ്ഥീർ മുജ്തബാ എന്നാണ് പേര്. ഡോക്ടർ മുജ്തബാ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ പിതാവും കുറച്ചുവർഷം ഇവിടെ നിന്നിരുന്നു. ഇതേ പേരിൽത്തന്നെ അറിയപ്പെട്ടു പോന്നു. അദ്ദേഹം ഹോസ്പിറ്റലിന്റെ കോമ്പൗണ്ടിൽ സുന്ദരമായ ഒരു മസ്ജിദും പണി കഴിപ്പിച്ചു.

ചുരുക്കത്തിൽ ഡോക്ടർ സാഹിബ് സ്വാർഥതയില്ലാത്ത, സൃഷ്ടിസേവനം ചെയ്തിരുന്ന ഒരു മനുഷ്യനായിരുന്നു. തന്റെ ജോലി ഇതിനുവേണ്ടിയാണ് ഉപയോഗിച്ചുത്. ഇദ്ദേഹത്തിന്റെ പിതാവിലും ഇദ്ദേഹത്തിലും ഞാൻ നേരിൽ കണ്ട ഒരു പ്രത്യേകതയാണ് രോഗികളെ ചികിത്സിക്കുന്നതിന് പുറമെ, ദരിദ്രരായ രോഗികൾക്ക് സൗജന്യ മരുന്നും, ഭക്ഷണത്തിനുള്ള തുകയും നൽകിയിരുന്നു. മാത്രമല്ല മുട്ടയും പാലും വാങ്ങി വെച്ച് രോഗികൾക്ക് നിങ്ങളുടെ ക്ഷീണത്തിന് അത്യാവശ്യമാണെന്ന് പറഞ്ഞു നൽകുമായിരുന്നു. മരുന്നും സൗജന്യമായി നൽകിയിരുന്നു; കൂടെ ഭക്ഷണവും. നിങ്ങളുടെ ആരോഗ്യം നന്നാവുന്നതിന് ഇതും ഉപയോഗിക്കുക എന്നു പറയുമായിരുന്നു. ഡോക്ടർ ഗുലാം മുജ്തബായും ഘാനയിൽ വലിയ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ഡോക്ടർ തഅ്ഥീർ മുജ്തബാ ആ പ്രവൃത്തി ഒരുപാട് മുന്നോട്ടു കൊണ്ടുപോയി. അദ്ദേഹത്തെ പ്രശംസിച്ചിരുന്ന ഒരുപാട് ഘാന നിവാസികളെ എനിക്കറിയാം. ഏതായാലും അദ്ദേഹം യഥാർഥ രീതിയിൽ വഖ്ഫു ചെയ്ത് സേവനം അനുഷ്ഠിക്കുകയുണ്ടായി. വാഖ്ഫിനെ സിന്ദഗികൾ പോകുമ്പോൾ പ്രത്യേകമായി അവരെ നോക്കിയിരുന്നു. അവരെ ചികിൽസിച്ചിരുന്നു. തന്റെ വീട്ടിൽ അവരെ അതിഥികളായി പാർപിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് 'റാബിഅ്' رحمہ اللہ സന്ദർശനം നടത്തിയപ്പോൾ അദ്ദേഹവും ഇദ്ദേഹത്തിന്റെ വീട്ടിൽ താമസിക്കുകയുണ്ടായി. അതിഥി സൽക്കാരം അദ്ദേഹത്തിന്റെ പ്രത്യേക ഗുണമായിരുന്നു.

ഹനീഫ് സാഹിബ് എഴുതുന്നു: 'അദ്ദേഹം ഒരു ചലിച്ചുകൊണ്ടിരുന്ന ഒരു മലക്കായിരുന്നു. അല്ലാഹു അവന്റെ റഹ്മത്ത് കൊണ്ട് അദ്ദേഹത്തെ പൊതിയുമാറാകട്ടെ. സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. അതിഥി സൽകാരത്തെപറ്റി ഇതും കൂടി പറയട്ടെ. പുരുഷന് അതിഥി സൽകാരം നടത്താൻ സാധിക്കുന്നത് വീട്ടിലെ സ്ത്രീയും അത് ചെയ്യുമ്പോഴാണ്. അദ്ദേഹത്തിന്റെ ഭാര്യയും അതിഥിസൽകാര പ്രിയയും, സേവനം ചെയ്യുന്ന സ്ത്രീയുമാണ്. അവരുടെ ആരോഗ്യത്തിനുവേണ്ടിയും ആയുസ്സിനു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടെ ആയുസ്സിലും ആരോഗ്യത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നു കൊണ്ടു പോകാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അവരും അവരുടെ മാതാവിന് സേവനം ചെയ്യുന്നവരായി മാറട്ടെ.

വിവർത്തനം: പി.കെ.അംനാസ്

ബദർ

The Weekly BADR Qadian
(Malayalam)

https://www.akhbarbadrqadian.in/

പേജ് 1 ൽ നിന്ന്

ഇതിന്റെ അർഥം മറ്റുദിനങ്ങളിൽ ഇബാദത്തുകൾ വിട്ടുകളയാമെന്നല്ല. കാരണം ഈ ആയത്ത് ഇറങ്ങിയപ്പോഴും നബി ﷺ തിരുമേനി ആരാധനാ കർമങ്ങൾ നിർവഹിച്ചിരുന്നു. പ്രത്യുത ഇതിന്റെ അർഥം സാധാരണയിൽ കവിഞ്ഞുള്ള ആരാധനയും ശ്രദ്ധയുമാണ്. അനാചാരപരമായ കാര്യങ്ങൾ ചെയ്ത് അജ്ഞരായി നടക്കുന്നവർ ഈ ആയത്തിന് നല്കുന്ന അർഥം يَقِيْنُ കരസ്ഥമാകാത്തിടത്തോളം ആരാധനകർമങ്ങൾ നിർബന്ധമാണെന്നും يَقِيْنُ(അനുഭവജ്ഞാനം)കരസ്ഥമായാൽ പിന്നീടത് വേണ്ടെന്നുമാണ്. കാരണം അല്ലാഹു പറയുന്നത് അനുഭവജ്ഞാനം കരസ്ഥമാകുന്നതുവരെ ആരാധന നിർവഹിക്കുക എന്നാണ്. ഇപ്രകാരം തങ്ങൾ നബി ﷺ തിരുമേനിയുടെമേൽ ആക്രമണം നടത്തുകയാണെന്ന് അജ്ഞരായ ഇവർക്കറിയില്ല. അതായത് ഇവർ പറയുന്നത് ഈ സൂറത്ത് ഇറങ്ങുന്നതുവരെ പൂർണമായ يَقِيْنُ ലഭിച്ചിരുന്നില്ലെന്നാണ്! നബി ﷺ തിരുമേനിക്ക് നുബുവ്വത്തിനുശേഷവും يَقِيْنُ അഥവാ അനുഭവജ്ഞാനമുണ്ടായിട്ടില്ലെങ്കിൽ നികൃഷ്ടരായ ഇക്കൂട്ടർക്ക് യഖീൻ അഥവാ അനുഭവജ്ഞാനം എങ്ങനെ കരസ്ഥമാകാനാണ്? നഊദുബില്ലാഹ് മിൻ ഹാദിഹിൽ ഖുറാഫാത്തി.*(തഫ്സീറെ കബീർ വാള്യം 4, പേജ് 117, പ്രസാധനം ഖാദിയാൻ 2010)*

ഹൂദൂർ പറയന്നു:ഞാനൊരിക്കൽ ജുമുഅ നമസ്കരിച്ച് കഴിഞ്ഞിരുന്നു. സ്വൂഫിയെ പോലുള്ള ഒരു മനുഷ്യൻ മുമ്പോട്ടുവന്നു. താനൊരു ചോദ്യം ചോദിക്കാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. ചോദിക്കൂ എന്ന് ഞാൻ പറഞ്ഞു. അയാൾ പറഞ്ഞു: ഒരാൾ നദിയിൽ യാത്ര ചെയ്തു ചെയ്ത് കരയ്ക്കെത്തിയാൽ അയാൾ കരയ്ക്കിറങ്ങണോ അതോ വഞ്ചിയിൽത്തന്നെ ഇരിക്കണോ? അയാൾ ഈ ചോദ്യം ചോദിച്ചപ്പോൾ ഉടനെ അല്ലാഹു അയാളുടെ ചോദ്യത്തിന്റെ ഉദ്ദേശ്യം എനിക്കു മനസ്സിലാക്കിത്തന്നു. യഥാർഥത്തിൽ ഇത് സ്വൂഫികളുടെ ഒരു വഞ്ചനയാണ്. ഇതിൽ ഇവർ പൊതുവെ അകപ്പെട്ടിരിക്കുന്നതായി കാണുന്നു.

അവർ പറയുന്നു:നമസ്കാരം നോമ്പ്, ഹജ്ജ്, സക്കാത്ത് തുടങ്ങിയവയുടെ നില യാത്രാവാഹനങ്ങളുടേതാണ്. ഈ യാത്രാവാഹനങ്ങൾ നമ്മെ നമ്മുടെ പ്രിയപ്പെട്ടവന്റെ വാതിൽക്കൽവരെ എത്തിക്കുന്നതിനുള്ളതാണ്. ഒരാൾ തന്റെ പ്രിയപ്പെട്ടവന്റെ വാതിൽക്കൽ എത്തിയിട്ട് വാഹനങ്ങളിൽത്തന്നെ ഇരിക്കുകയും താഴെ ഇറങ്ങാതിരിക്കുകയുമാണെങ്കിൽ അവൻ ഒന്നാംതരം മര്യാദയില്ലാത്തവനായി മനസ്സിലാക്കപ്പെടും. ഇപ്രകാരം ആരെങ്കിലും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയാൽ അയാൾക്ക് നമസ്കാരത്തിന്റേയും നോമ്പിന്റേയുമൊന്നും ആവശ്യതന്നെ വേണ്ടിവരുന്നില്ല. കാരണം അവൻ അല്ലാഹുവിന്റെ വാതിൽക്കവരെ എത്തിയിരിക്കുന്നു. ചുരുക്കത്തിൽ അയാൾ ഇതു ചോദിച്ചപ്പോൾ ഉടനെതന്നെ അല്ലാഹു ഈ എല്ലാ കാര്യങ്ങളും എനിക്കു തുറന്നുതന്നു. ഞാൻ അയാളോടു പറഞ്ഞു: ആ നദി കരയുള്ളതാണെങ്കിൽ അയാൾ കരയ്ക്കെത്തി കഴിഞ്ഞാൽ നിസംശയം ഇറങ്ങണം. പക്ഷേ, ആ നദി അതിരുകളില്ലാത്തതാണെങ്കിൽ, അതിന് കരതന്നെയില്ലെങ്കിൽ അയാൾ ഓർമിക്കേണ്ടതാണ്, ഏതു സ്ഥലത്താണോ അയാൾ താഴെ ഇറങ്ങുന്നത് ആ സ്ഥലത്ത് അയാൾ മുങ്ങിപ്പോകും. ഇനി താങ്കൾ പറയുക, ഏതൊരു നദിയെ കുറിച്ചാണോ താങ്കൾ പറഞ്ഞത്, അത് അതിരുകളുള്ളതാണോ അതിരുകളില്ലാത്തതാണോ? അയാൾ പറഞ്ഞു, അതിരുകളില്ലാത്തതാണ്. ഞാൻ പറഞ്ഞു: അപ്പോൾപ്പിന്നെ അതിരുകളില്ലാത്ത നദിയിൽ മനുഷ്യൻ എവിടെ താഴെ ഇറങ്ങിയാലും ആ സ്ഥലത്ത് മുങ്ങിമരിക്കുന്നതാണ്. അയാൾക്കുള്ള സുരക്ഷ ആ വഞ്ചിയിൽത്തന്നെ യാത്ര ചെയ്യുക എന്നതാണ്. *(തഫ്സീറെ കബീർ വാള്യം 7, പേജ് 186, പ്രസാധനം ഖാദിയാൻ 2010)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin